

# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2026 ആഗസ്റ്റ് 15 – 31
Volume XX Issue 16

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# 1,000ലേറെ വ്യാജവിവാഹങ്ങൾ; ഗ്രീൻ കാർഡിനായി വൻ തട്ടിപ്പ് ശ്യംഖല; 11 പേർക്കെതിരെ കേസ്



ന്യൂയോർക്ക്: അമേരിക്കയിൽ കുടിയേറ്റ ആനുകൂല്യങ്ങൾ നേടുന്നതിനായി 1,000ലധികം വ്യാജവിവാഹങ്ങൾ സംഘടിപ്പിച്ചെന്നാരോപിച്ച് 11 പേർക്കെതിരെ ഫെഡറൽ അധികൃതർ കേസെടുത്തു. ഏകദേശം ഒരു പതിറ്റാണ്ടായി പ്രവർത്തിച്ചിരുന്ന വൻ വിവാഹ തട്ടിപ്പ് ശൃംഖലയെയാണ് അന്വേഷണ ഏജൻസികൾ തകർത്തതെന്ന് യു.എസ്.നീതിന്യായ വകുപ്പ് അറിയിച്ചു.

2016 മുതൽ 2026 ജൂലൈ വരെ പ്രവർത്തിച്ചിരുന്നുവെന്ന് ആരോപിക്കപ്പെടുന്ന സംഘം, പ്രധാനമായും ചൈനീസ് പൗരന്മാരെ അമേരിക്കൻ പൗരന്മാരുമായി വ്യാജമായി വിവാഹം കഴിപ്പിച്ച് ഗ്രീൻ കാർഡ് ഉൾപ്പെടെയുള്ള കുടിയേറ്റ ആനുകൂല്യങ്ങൾ നേടാൻ സഹായിച്ചെന്നാണ് പ്രോസിക്യൂട്ടർമാരുടെ

– പ്രസാദ് തീയാടിക്കൽ

ആരോപണം.

ഇതിനായി വിദേശ പൗരന്മാരിൽ നിന്ന് 100,000 ഡോളർ വരെ ഈടാക്കിയിരുന്നതായും, വ്യാജവിവാഹത്തിന് തയ്യാറാകുന്ന അമേരിക്കൻ പൗരന്മാർക്ക് 30,000 ഡോളർ വരെ നൽകിയിരുന്നതായും അധികൃതർ പറയുന്നു. അമേരിക്കൻ പൗരന്മാരെ കണ്ടെത്തി എത്തിക്കുന്ന റിക്രൂട്ടർമാർക്ക് ഒരാൾക്ക് 5,000 ഡോളർ വരെ കമ്മീഷനും നൽകിയിരുന്നുവെന്നാണ് ആരോപണം.

വിവാഹങ്ങൾ യഥാർത്ഥമാണെന്ന് കുടിയേറ്റ ഉദ്യോഗസ്ഥരെ വിശ്വസിപ്പിക്കുന്നതിനായി വിവാഹച്ചടങ്ങുകൾ സംഘടിപ്പിക്കുകയും രേഖകൾ തയ്യാറാക്കുകയും ദമ്പതികൾ ഒരുമിച്ച് ജീവിക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കുന്ന തെളിവുകൾ ഒരുക്കുകയും ചെയ്തിരുന്നുവെന്നും കുറ്റപത്രത്തിൽ പറയുന്നു.

ന്യൂയോർക്ക് കേന്ദ്രീകരിച്ചായിരുന്നു പ്രധാന പ്രവർത്തനമെങ്കിലും കണക്റ്റിക്കട്ട്, മസാച്യുസെറ്റ്സ്, പെൻസിൽ വേനിയ, കെന്റക്കി, ടെന്നസി, ജോർജിയ, ഫ്ലോറിഡ തുടങ്ങിയ സംസ്ഥാനങ്ങളിലേക്കും ശൃംഖല വ്യാപിച്ചിരുന്നു വെന്ന് ഫെഡറൽ അധികൃതർ വ്യക്തമാക്കി.

11 പേർക്കെതിരെയാണ് കുറ്റം ചുമത്തിയിരിക്കുന്നത്. ഇവരിൽ 10 പേരെ ഓഗസ്റ്റ് 12ന് അറസ്റ്റ് ചെയ്തതായി യു.എസ്. നീതിന്യായ വകുപ്പ് അറിയിച്ചു.

അമേരിക്കൻ ചരിത്രത്തിൽ പ്രോസിക്യൂട്ട് ചെയ്തിട്ടുള്ള ഏറ്റവും വലിയ വിവാഹ തട്ടിപ്പ് കേസുകളിലൊന്നാണിതെന്ന് അധികൃതർ വിശേഷിപ്പിച്ചു.

# ന്യൂയോർക്കിലും ന്യൂജേഴ്സിയിലും ഇന്ത്യൻ സ്വാതന്ത്ര്യദിനം ഔദ്യോഗികമായി പ്രഖ്യാപിച്ചു

– പി.പി ചെറിയാൻ



ന്യൂയോർക്ക്: ഇന്ത്യയുടെ 80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ന്യൂയോർക്ക്, ന്യൂജേഴ്സി സംസ്ഥാനങ്ങൾ ഓഗസ്റ്റ് 15, 2026 ഔദ്യോഗികമായി 'ഇന്ത്യൻ സ്വാതന്ത്ര്യദിനമായി' പ്രഖ്യാപിച്ചു. ഇരു സംസ്ഥാനങ്ങളിലെയും ഗവർണർമാരാണ് ഇതുസംബന്ധിച്ച വിളംബരം പുറത്തിറക്കിയത്.

ന്യൂയോർക്കിൽ ഗവർണർ കാത്തി ഹോചുൽ ആണ് ഓഗസ്റ്റ് 15 'ഇന്ത്യൻ സ്വാതന്ത്ര്യദിനമായി' പ്രഖ്യാപിച്ചത്. അമേരിക്കയും ഇന്ത്യയും തമ്മിലുള്ള ജനാധിപത്യ മൂല്യങ്ങളും, ന്യൂയോർക്കിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക രംഗങ്ങൾക്ക് ഇന്ത്യൻ അമേരിക്കക്കാർ നൽകുന്ന സംഭാവനകളും വിളംബരത്തിൽ എടുത്തുപറയുന്നു.

ന്യൂജേഴ്സിയിൽ ഗവർണർ മൈക്കി ഷെറിൽ ആണ് പ്രഖ്യാപനം നടത്തിയത്. വിദ്യാഭ്യാസം, ആരോഗ്യം, സാങ്കേതികവിദ്യ, ബിസിനസ്സ്, പൊതുസേവനം തുടങ്ങിയ മേഖലകളിൽ ഇന്ത്യൻ സമൂഹം നൽകുന്ന സംഭാവനകളെയും ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ പങ്കാളിത്തത്തെയും വിളംബരം അഭിനന്ദിക്കുന്നു.

ഇന്ത്യയുടെ സമാധാനപരമായ സ്വാതന്ത്ര്യസമരത്തെയും, അഹിംസ, സത്യം, ധാർമ്മിക ധൈര്യം എന്നിവയ്ക്കുള്ള അതിന്റെ പ്രാധാന്യത്തെയും പ്രഖ്യാപനങ്ങൾ പ്രത്യേകം സ്മരിക്കുന്നു.



## ഓപ്പൺ എഐ രണ്ടു വർഷത്തിനപ്പുറം മുന്നോട്ടു പോകില്ലെന്ന് പ്രവചനം

നിർമിതബുദ്ധി ലോകത്തെ എല്ലാ മേഖലകളിലും സ്വാധീനമുറപ്പിച്ച് മുന്നേറുന്നതിനിടെ ഈ രംഗത്തെ പ്രമുഖ കമ്പനിയായ ഓപ്പൺ എഐ രണ്ടു വർഷത്തിനപ്പുറം മുന്നോട്ടു പോകില്ലെന്ന് പ്രവചനം.

ഗൂഗിൾ ഡീപ്മൈൻഡ് എഞ്ചിനീയർ എഡ് സിട്രോൺ 2024ൽതന്നെ ഓപ്പൺ എഐയുടെ തകർച്ച പ്രവചിച്ചിരുന്നു. ഡീപ്മൈൻഡിലെ റിസർച്ച് എഞ്ചിനീയറായ ബ്രയാൻ ഹുവാങ് അടുത്തിടെ ടിറ്ററിൽ ഇതുസംബന്ധിച്ച പോസ്റ്റ് പങ്കുവെച്ച തോടെയാണ് ഈ വിഷയത്തിലുള്ള ചർച്ച വീണ്ടും സജീവമായത്.

വ്യക്തമായ കാരണങ്ങൾ നിരത്തിയാണ് എഡ് സിട്രോൺ ഓപ്പൺ എഐയുടെ തകർച്ച പ്രവചിക്കുന്നത്. അഞ്ച് പ്രധാന കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഓപ്പൺ എഐയുടെ നിലനിൽപ്പു തന്നെ പ്രതിസന്ധിയിലാ കും എന്ന് അദ്ദേഹം ചൂണ്ടി ക്കാട്ടുന്നു. എഐയുടെ ചെല വ് കുറയ്ക്കാൻ കഴിയുക, എഐ മോഡലുകൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുക തുടങ്ങിയവ നിശ്ചിത സമയ പരിധിക്കുള്ളിൽ ചെയ്യാൻ കഴിഞ്ഞില്ലെ ങ്കിൽ ഓപ്പൺ ഐഎയുടെ തകർച്ച ഉറപ്പാണെന്നാണ് പ്രവചനം.

ഇതോടെ ഈ വിഷയത്തിൽ പ്രതികരിച്ച് ഓപ്പൺ എഐ സിഇഒ സാം ഓൾട്ട്മാൻ തന്നെ രംഗത്തെത്തി.


സാംസ്കാരികം

**അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക**

**ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം**

**പി. ഡി. എഫ് ഫയലിനോടൊപ്പം**
**പ്രതിമാസ സാംസ്കാരിക മാസിക**

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

**www.timesofamericanmalayali.com**

**ഈ ലക്കത്തിൽ**

സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ

**ആലാപനത്തിന്റെ തേനും വയമ്പും**
അഭിലാഷ് പുതുക്കാട്







**അഴീക്കോട് എന്ന വിചാരശില്പി**



ഡോ.പോൾ മണലിൽ

## ഹൂസ്റ്റണിൽ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശ

- ജീമോൻ റാന്നി



ഹൂസ്റ്റൺ: സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് സുറിയാനി ദേവാലയത്തിന്റെ പുതിയ ദേവാലയ കെട്ടിടത്തിന്റെ വിശുദ്ധ കൂദാശ ആഗസ്റ്റ് 21, 22 തീയതികളിൽ വിവിധ ആത്മീയ ശുശ്രൂഷകളോടെ നടത്തപ്പെടും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷനും കിഴക്കിന്റെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടെയാണ് കൂദാശ നടക്കുന്നത്.

സൗത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ.തോമസ് മാർ ഇവാനിയോസ്, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ.യാക്കോബ് മാർ ഐറേനിയോസ്, അടൂർ - കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. സഖറിയാസ് മാർ അപ്രേം എന്നിവർ വിശുദ്ധ കൂദാശാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

1986ൽ പൂർത്തീകരിച്ച് കൂദാശ ചെയ്ത നിലവിലെ ദേവാലയ കെട്ടിടം നിരവധി വർഷങ്ങളായി വളർന്നുവരുന്ന ഇടവക സമൂഹത്തിന്റെ ആരാധനാ ആവശ്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റിവരികയായിരുന്നു. എന്നാൽ, കാലക്രമേണ ഇടവകാംഗങ്ങളുടെ എണ്ണം വർധിച്ചതോടെ നിലവിലെ സൗകര്യങ്ങൾ പരിമിതമാകുകയും ആരാധനയ്ക്കും വിവിധ ശുശ്രൂഷകൾക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്തു. കൂടുതൽ വിശാലവും സൗകര്യപ്രദവുമായ ഒരു ആരാധനാ കേന്ദ്രത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, നിലവിലെ നിർമ്മാണ കമ്മിറ്റി 2020ൽ ഈ സ്വപ്നം യാഥാർഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

പ്രാർത്ഥനയുടെയും സമർപ്പണത്തിന്റെയും ഉദാരമായ സംഭാവനകളുടെയും ഇടവകാംഗങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെയും ഫലമായി, 12,000 ചതുരശ്ര അടി വിസ്തീർണ്ണവും ഏകദേശം 450 പേർക്ക് ഇരിക്കാവുന്ന സൗകര്യവുമുള്ള അതിമനോഹരമായ പുതിയ ആരാധനാ കേന്ദ്രം ഇന്ന് പൂർത്തിയായിരിക്കുകയാണ്. 48 ലക്ഷം ഡോളർ (4.8 മില്യൺ ഡോളർ) ചെലവിലാണ് ഈ ആരാധനാ കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്.

ആഗസ്റ്റ് 17 തിങ്കളാഴ്ച വൈകിട്ട് 6.30ന് സന്ധ്യാപ്രാർത്ഥനയും വിശുദ്ധ കുർബാനയും നടക്കും. ആഗസ്റ്റ് 18 ചൊവ്വാഴ്ച വൈകിട്ട് 6.30ന് സന്ധ്യാപ്രാർത്ഥനയും ഭക്തിഗാനവും തുടർന്ന് യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെ ധ്യാനപ്രസംഗവും ഉണ്ടായിരിക്കും. 19 ബുധനാഴ്ച അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത ധ്യാനപ്രസംഗം നടത്തും.

20 വ്യാഴാഴ്ച വൈകിട്ട് 6.30ന് സന്ധ്യാപ്രാർത്ഥനയും ഗാനശുശ്രൂഷയും തുടർന്ന് ആർച്ച്ഞ്ചൽ റാഫേൽ കോപ്റ്റിക് ഓർത്തഡോക്സ് ചർച്ച് വികാരി റവ.അബൂന ടോബിയ മനോലി ധ്യാനപ്രസംഗം നടത്തും.

21 വെള്ളിയാഴ്ച വൈകിട്ട് 5ന് മെത്രാപ്പോലീത്തമാരെയും വിശിഷ്ടാതിഥികളെയും സ്വീകരിക്കും. 5.30ന് പുതിയ ദേവാലയത്തിലേക്കുള്ള പ്രദക്ഷിണവും 5.45ന് പൊതുസമ്മേളനവും നടക്കും. വൈകിട്ട് 6.45ന് കൂദാശയുടെ ഒന്നാം ഭാഗം ആരംഭിക്കും.

ആഗസ്റ്റ് 22 ശനിയാഴ്ച രാവിലെ 7ന് കൂദാശയുടെ രണ്ടാം ഭാഗവും തുടർന്ന് പ്രഭാത നമസ്കാരവും വിശുദ്ധ കുർബാനയും നടക്കും. രാവിലെ 11.30ന് അനുസ്മരണവും ധ്യാനവും, ഉച്ചയ്ക്ക് 12.30ന് കൈമുത്തും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും.

വികാരി റവ.ഫാ. വറുഗീസ് തോമസ്, അസിസ്റ്റന്റ് വികാരി റവ.ഫാ. ജോൺ വറുഗീസ്, ട്രസ്റ്റി വിനു വർഗീസ്, സെക്രട്ടറി യൽദോ പീറ്റർ, പ്രോജക്ട് മാനേജർ ജിജേഷ് വർഗീസ്, കൺസ്ട്രക്ഷൻ ലീഡ് ആഷ്‌ലി ജോർജ്, ഫിനാൻസ് ലീഡ് ബെൻസൺ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു.

**Independence Day in India** (August 15)
At 12 a.m. on August 15, 1947, India gained its independence from the British Raj. This day is widely celebrated across the nation with the Prime Minister hoisting the flag at the Red Fort. It honours the struggles of freedom fighters.

**Naag Panchami** (August 17)
This traditional Hindu celebration involves the holy reverence of snakes or serpents. Worshippers pray for the blessings of the snake gods by offering them milk and sweets in order to safeguard themselves against negative spirits.

## ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രവർത്തനോദ്ഘാടനം നടത്തി



ഹൂസ്റ്റൺ: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രവർത്തനോദ്ഘാടനം ഹൂസ്റ്റണിലെ വിൻഡം ഹോട്ടലിൽ സമുജ്ജ്വലമായി നടന്നു. കേരളത്തിലെ സീനിയർ ഇടതുപക്ഷ നേതാവും മുൻ ആരോഗ്യ വകുപ്പ് മന്ത്രിയുമായിരുന്ന കെ.കെ ശൈലജ ദീപം കൊളുത്തി ഇന്ത്യാ പ്രസ് ക്ലബ്ബിന്റെ 2026-27 വർഷത്തെ നാഷണൽ കമ്മറ്റിയുടെയും ഹൂസ്റ്റൺ ചാപ്റ്ററിന്റെയും അടുത്ത രണ്ടു വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. മറ്റൊരു അതിഥിയായിരുന്ന യുവ എംഎൽഎ വി.ടി.ബെൽറാം ആശംസാ പ്രസംഗം നടത്തി.

ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമ ലോകം ഇന്ന് മലീമസമാണെന്നും എന്നാൽ ഇന്ത്യാ പ്രസ് ക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും കെ.കെ ശൈലജ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

മലയാള മാധ്യമ പ്രവർത്തനം ഒന്ന് വേറെ തന്നെയാണെന്നും പലപ്പോഴും ജനാധിപത്യവുമായി ഒരു ബന്ധവും പുലർത്താത്ത തരത്തിൽ തങ്ങളുടെ ഇഷ്ടം പോലെ റിപ്പോർട്ടിങ് നടത്തുന്ന തരത്തിലായിക്കഴിഞ്ഞു എന്നത് ആശങ്കാജനകമാണെന്നും വി.ടി ബൽറാം എംഎൽഎ പറഞ്ഞു.

ഇന്ത്യാ പ്രസ് ക്ലബ് ജനറൽ സെക്രട്ടറി അനിൽ ആറന്മുള സ്വാഗതം പറഞ്ഞു. അധ്യക്ഷൻ പ്രസ് ക്ലബ് പ്രസിഡണ്ട് രാജു പള്ളത്ത് പ്രസ് ക്ലബ്ബിന്റെ അമേരിക്കയിലെയും കേരളത്തിലെയും പ്രവർത്തനങ്ങൾ വിശദീകരിച്ചു. പ്രസ് ക്ലബ് നടത്താറുള്ള മാധ്യമശ്രീ അവാർഡുകളെക്കുറിച്ചും കേരളത്തിലെ വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകളെപ്പറ്റിയും വിശദീകരിച്ചു.

എഴുത്തുകാരനും നടനുമായ തമ്പി ആൻറണി കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി അമേരിക്കൻ മലയാളികൾക്കായി ഇന്ത്യ പ്രസ് ക്ലബ് നടത്തിവരുന്ന ഇടപെടലുകളെ പ്രകീർത്തിച്ചു.

ഇന്ത്യാ പ്രസ് ക്ലബ് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ ട്രൈസ്റ്റാർ, പ്രസിഡന്റ് ഇലെക്ട് ഷിജോ പൗലോസ് എന്നിവരും ആശംസാ പ്രസംഗങ്ങൾ നടത്തി. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫോമാ പ്രസിഡന്റ് ഇലെക്ട് ബിജു തോണിക്കടവിൽ എന്നിവരും ഇന്ത്യാ പ്രസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് ആശംസകൾ പറഞ്ഞു.

പ്രസ് ക്ലബ് ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റ് ഫിന്നി രാജു, സെക്രട്ടറി ജീമോൻ റാന്നി എന്നിവർ ചാപ്റ്റർ പ്രവർത്തനങ്ങളെ വിശദീകരിച്ചു. മുൻ ചാപ്റ്റർ പ്രസിഡന്റ്മാരായ അനിൽ ആറന്മുള, ശങ്കരൻകുട്ടി പിള്ള, ജോയ് തുമ്പമൺ, ജോർജ് തെക്കേമല, സൈമൺ വളച്ചേരിൽ എന്നിവരെ പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

മാഗ് പ്രസിഡന്റ് റോയി മാത്യു, അഡ്വൈസറി ബോർഡ് അംഗങ്ങളായ മധു കൊട്ടാരക്കര, സുനിൽ തൈമറ്റം, ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ് സജി എബ്രഹാം, അറ്റ്ലാന്റ ചാപ്റ്റർ പ്രസിഡണ്ട് ഷൈനി അബൂബക്കർ, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് ലിജോ ജോർജ്, അരുൺ കോവാട്ട് എന്നിവരും സന്നിഹിതരായിരുന്നു.

ഹൂസ്റ്റൺ ചാപ്റ്റർ ട്രഷറർ വിജു വർഗീസ്, മോട്ടി മാത്യു, ഡോ.രഞ്ജിത്ത് പിള്ള, ജിജു കുളങ്ങര, ജോൺ വർഗീസ്, സജി പുല്ലാട്, സുബിൻ ബാലകൃഷ്ണൻ, ജോർജ് പോൾ, മിക്കി തുടങ്ങിയവർ സമ്മേളനത്തിന് ചുമതല വഹിച്ചു. റെയ്ന സുനിൽ, ആൻസി ക്രിസ് എന്നിവർ എംസിമാരായിരുന്നു.

## ടൊറന്റോ മലയാളി സമാജം ഓണം 2026: ടിക്കറ്റ് വിൽപ്പനയ്ക്ക് ഔദ്യോഗിക തുടക്കം



ടൊറന്റോ: ടൊറന്റോ മലയാളി സമാജത്തിന്റെ ഓണം 2026 ആഘോഷങ്ങളുടെ ടിക്കറ്റ് വിൽപ്പനയ്ക്ക് ഔദ്യോഗിക തുടക്കമായി. കുന്നത്തുനാട് എംഎൽഎ വി.പി. സജീന്ദ്രൻ, ടൊറന്റോ മലയാളി സമാജം ട്രസ്റ്റി ബോർഡ് ചെയർ ജോൺ പി. ജോണിന് ആദ്യ ടിക്കറ്റ് സമ്മാനിച്ചുകൊണ്ടാണ് ഔദ്യോഗിക ലോഞ്ച് നിർവഹിച്ചത്.

സെപ്റ്റംബർ 19ന് ഉച്ചയ്ക്ക് 2 മുതൽ നടക്കുന്ന ഓണം 2026 ആഘോഷത്തിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. ചടങ്ങിൽ മാൾട്ടൺ എംപിപി ദീപക് ആനന്ദ് പങ്കെടുത്തു.

ഫൊക്കാനയുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട നേതൃത്വത്തിലെ സെക്രട്ടറി സന്തോഷ് നായർ, വൈസ് പ്രസിഡന്റ് ജോസി ജെ.കാരക്കാട്ട്, നാഷണൽ കമ്മിറ്റി അംഗം ഷിബു ജോൺ എന്നിവരും ടിക്കറ്റ് ലോഞ്ച് ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഓണം 2026 ആഘോഷത്തിന്റെ മെഗാ സ്പോൺസർമാരായ കൊക്കാടൻസ് ഗ്രൂപ്പിന്റെ ടോമി കൊക്കാട്ട്, എ.എം. റബേഴ്സിന്റെ ജോസഫ് മാത്യു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജെയിംസ് ഓട്ടോ ഗ്രൂപ്പിന്റെ ബോബൻ ജെയിംസ് പ്ലാറ്റിനം സ്പോൺസറും മലബാർ ഗോൾഡ് ഇവന്റ് സ്പോൺസറും ആണ്.

കാനഡയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും പാരമ്പര്യവും ആഘോഷിക്കുന്ന വിപുലമായ ഓണാഘോഷത്തിനാണ് ടൊറന്റോ മലയാളി സമാജം നേതൃത്വം നൽകുന്നത്. വിവിധ കലാസാംസ്കാരിക പരിപാടികളും കുടുംബസംഗമങ്ങളും ഉൾപ്പെടുന്ന ഓണം 2026ലേക്ക് ടൊറന്റോയിലെയും പരിസര പ്രദേശങ്ങളിലെയും മലയാളി സമൂഹത്തിന്റെ വലിയ പങ്കാളിത്തമാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

# ഇളയരാജയുടെ സംഗീതവിസ്മയം ഓഗസ്റ്റ് 15ന്

– പ്രസാദ് തീയാടിക്കൽ




ടെക്സസ്:ഇന്ത്യൻ സംഗീതലോകത്തിന്റെ ഇതിഹാസ സംഗീതസംവിധായകൻ മാസ്ട്രോ ഇളയരാജയുടെ കൺസേർട്ട് ഡാലസ്ഫോർട്ട് വർത്ത് മേഖലയിലെ സംഗീതപ്രേമികൾക്കായി അരങ്ങിലെത്തുന്നു.

അൾട്രാ എന്റർടൈൻമെന്റും ഭാരത് ഭവനും കൈകോർക്കുന്ന സംഗീതാഘോഷം ഓഗസ്റ്റ് 15 ശനിയാഴ്ച ടെക്സസിലെ ഗാർലൻഡിലുള്ള കർട്ടിസ് കൾവെൽ സെന്ററിൽ നടക്കും.

അമേരിക്കയിൽ പ്രമുഖ കലാകാരന്മാരെയും വലിയ സാംസ്കാരിക പരിപാടികളെയും പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിൽ സജീവമായ അൾട്രാ എന്റർടൈൻമെന്റ്, നോർത്ത് ടെക്സസിലെ ഇന്ത്യൻ സമൂഹവുമായി അടുത്ത ബന്ധമുള്ള ഭാരത് ഭവനിനൊപ്പം ചേർന്നാണ് ഇത്തവണത്തെ പരിപാടി ഒരുക്കുന്നത്.

അൾട്രാ എന്റർടൈൻമെന്റ്, ഭാരത് ഭവൻ വഴി ഇളയരാജ സംഗീതപരിപാടിയുടെ ടിക്കറ്റ് വാങ്ങുന്നവർക്ക് ഇർവിങ്ലെ ഭാരത് ഭവനിൽ ഭക്ഷണത്തിന് 10 ശതമാനം ഇളവ് ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഇന്ത്യൻ ചലച്ചിത്ര സംഗീതത്തിന് അനശ്വരമായ ആയിരക്കണക്കിന് ഗാനങ്ങൾ സമ്മാനിച്ച ഇളയരാജയുടെ സംഗീതപാരമ്പര്യം ആഘോഷിക്കുന്ന വേദിയായിരിക്കും രാജാ 50. വിവിധ തലമുറകളിലെ ആരാധകരെ ഒരുമിപ്പിക്കുന്ന ഡാലസ് സംഗീതരാവ് സംഗീതാസ്വാദകർക്ക് മറക്കാനാവാത്ത അനുഭവമാകുമെന്നാണ് പ്രതീക്ഷ.

കൂടുതൽ വിവരങ്ങൾക്ക്: +1 703 732 1777

# ഹൂസ്റ്റൺ സെന്റ് മേരീസ് ഇടവകയുടെ വലിയ പെരുന്നാൾ 16ന്

**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: സെന്റ് മേരീസ് മലങ്കര ഓർ ത്തഡോക്സ് ഇടവകയുടെ വലിയ പെരുന്നാൾ ആഗസ്റ്റ് 16ന് വിപുലമായ പരിപാടികളോടെ ആഘോഷിക്കും.

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനോടനുബന്ധിച്ചുള്ള പെരുന്നാൾ കൊടിയേറ്റ് ആഗസ്റ്റ് 9 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം ഇടവക വികാരി റവ.ഫാ.രാജേഷ് കെ. ജോൺ നിർവഹിച്ചു.

പെരുന്നാളിനു മുന്നോടിയായി ആഗസ്റ്റ് 1 മുതൽ 13 വരെ എല്ലാ ദിവസവും വൈകുന്നേരം 7 മണിക്ക് സന്ധ്യാനമസ്കാരം, മധ്യസ്ഥ പ്രാർത്ഥന, തുടർന്ന് നേർച്ച എന്നിവ ഉണ്ടായിരുന്നു.

ആഗസ്റ്റ് 14 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടെ പതിനഞ്ചുദിവസത്തെ നോമ്പിന്റെ സമാപനം (നോമ്പുവിടൽ) നടക്കും. തുടർന്ന് റവ.ഫാ.പി. കെ. വർഗീസ് വചനപ്രഘോഷണം നടത്തും.

ആഗസ്റ്റ് 15 ശനിയാഴ്ച വൈകിട്ട് 6ന് സന്ധ്യാനമസ്കാരവും തുടർന്ന് റവ.ഫാ.പി.കെ. വർഗീസിന്റെ വചനപ്രഘോഷണവും നടക്കും. തുടർന്ന് ഭക്തിനിർഭരമായ റാസയും നേർച്ചയും ഉണ്ടായിരിക്കും.

ആഗസ്റ്റ് 16 ഞായറാഴ്ചയാണ് പ്രധാന പെരുന്നാൾ ദിനം. രാവിലെ 8 മണിക്ക് ആരംഭിക്കുന്ന പ്രഭാത നമസ്കാരത്തിനുശേഷം റവ.ഫാ.പി.കെ. വർഗീസിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കും. തുടർന്ന് റാസ, പെരുന്നാൾ വാഴ്‌വ്, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

പെരുന്നാളിന്റെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ഇടവക ട്രസ്റ്റി അനിൽ എബ്രഹാം, സെക്രട്ടറി മോൻസൺ പുന്നൂസ്, പെരുന്നാൾ കൺവീനർ ഷാജി പുളിമൂട്ടിൽ എന്നിവർ അറിയിച്ചു.

**Sadbhavna Diwas** (August 20)

Sadbhavana Diwas is celebrated annually on August 20 in India to mark the birth anniversary of former Prime Minister Rajiv Gandhi. This day is celebrated to foster national unity.

# ഫൊക്കാന പ്രസിഡന്റായി ഫിലിപ്പോസ് ഫിലിപ്പും, സെക്രട്ടറിയായി സന്തോഷ് നായരും ടീമും ചുമതലയേറ്റു



പെൻസിൽവേനിയ: ഫൊക്കാനയെ സമൂഹത്തിന് പ്രയോജനപ്പെടുന്ന ശക്തമായ സേവനസംഘടനയാക്കി മാറ്റുമെന്ന പ്രഖ്യാപനത്തോടെ പ്രസിഡന്റായി ഫിലിപ്പോസ് ഫിലിപ്പും (ന്യൂയോർക്ക്), സെക്രട്ടറിയായി സന്തോഷ് നായരും (ഷിക്കാഗോ) ടീമും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

വ്യക്തികേന്ദ്രീകൃത നേതൃത്വത്തിനുപകരം കൂട്ടായ പ്രവർത്തനത്തെയും യുവജന പങ്കാളിത്തത്തെയും സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തലിനെയും മുൻനിർത്തിയുള്ള പ്രവർത്തനരേഖയാണ് പുതിയ ഭാരവാഹികൾ മുന്നോട്ടുവയ്ക്കുന്നത്. കേരളവുമായി കൂടുതൽ സജീവമായ ബന്ധം, യുവജന ശാക്തീകരണം, സാമൂഹിക പ്രതിബദ്ധത, വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ ഇടപെടൽ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ വികസന അജണ്ടയാണ് ഭാരവാഹികൾ ലക്ഷ്യമിടുന്നത്.

ഫൊക്കാനയുടെ പാരമ്പര്യത്തെ ആദരിച്ചുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുകയെന്നതാണ് ലക്ഷ്യമെന്ന് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. യുവജനങ്ങളുടെ ഊർജവും സാങ്കേതികവിദ്യയുടെ സാധ്യതകളും സാമൂഹിക സേവനത്തിന്റെ മൂല്യങ്ങളും സമന്വയിപ്പിച്ചുള്ള ഒരു സംഘടനാനവീകരണമാണ് ഉദ്ദേശിക്കുന്നത്. വാഗ്ദാനങ്ങളിൽ ഒതുങ്ങാതെ നടപ്പാക്കാവുന്ന പദ്ധതികളാണ് തന്റെ മുൻഗണനയെന്നും, അംഗസംഘടനകളുടെ അഭിപ്രായങ്ങളെ മാനിച്ച് കൂട്ടായ നേതൃത്വത്തിലൂടെ ഫൊക്കാനയെ കൂടുതൽ കരുത്തുറ്റതും ജനകീയവുമായ ഒരു സംഘടനയാക്കി വളർത്താനാണ് ശ്രമമെന്നും അദ്ദേഹം വ്യക്തമാക്കുന്നു. സേവനവും സുതാര്യതയും പ്രവർത്തന മികവും മുഖമുദ്രയാക്കുന്ന ഒരു പുതിയ അധ്യായം ഫൊക്കാനയിൽ തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

നിലവിലെ പ്രസിഡന്റ് സജിമോൻ ആന്റണിയും സംഘവും ആരംഭിച്ച നല്ല പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട്, പുതുതലമുറയുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുയോജ്യമായ ഒരു ഫൊക്കാനയെ കെട്ടിപ്പടുക്കുകയാണ് ലക്ഷ്യമെന്നു ജനറൽ സെക്രട്ടറി സന്തോഷ് നായർ പറഞ്ഞു.

ആന്റോ വർക്കി (ട്രഷറർ); ലിൻഡോ ജോളി (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്); ജോസി ജെ. കാരക്കാട്ട് (വൈസ് പ്രസിഡന്റ്); സോണി തോമസ് അമ്പൂക്കൻ (അസോസിയേറ്റ് സെക്രട്ടറി); അജു ഉമ്മൻ (അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി); അപ്പുക്കുട്ടൻ പിള്ള (അസോസിയേറ്റ് ട്രഷറർ); ഗ്രേസ് മറിയ ജോസഫ് (അഡീഷണൽ അസോസിയേറ്റ് ട്രഷറർ).

വിമൻസ് ഫോറം ചെയർ: ഷൈനി രാജു ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗങ്ങൾ: ജോയ് വി ചാക്കപ്പൻ; മനോജ് ജെ എടമന

നാഷണൽ കമ്മിറ്റി അംഗങ്ങൾ: ബിജോ വിതയത്തിൽ, റെജി വർഗീസ്, അജു എബ്രഹാം ഷൈമി ജേക്കബ്, മേരി ഫിലിപ്, സുജ ജോസ്, ആന്റണി മാത്യു, സുഷമ പ്രവീൺ, അനിൽ കുമാർ ദാമോദരൻ പിള്ള, ചെറിയാൻ പെരുമാൾ, ആദർശ് രവീന്ദ്രൻ, ശിവ തഷ്ണാത്, ജോർജ് നടവയൽ ദേവസ്യ, ജിൻസ് ജോസഫ്, റോണി വർഗീസ്.

അഷിത അലക്സ്, സാറ എൽ പോത്തൻ, എബി അലക്സ്, ടിയ കെ ബാബു, ബിനിൽ ബെന്നി എന്നിവരാണ് യു.എസ്.എ. യൂത്ത് കമ്മിറ്റി അംഗങ്ങൾ.

അനിത ബിജു ജോർജ്, ജൂലി ജോസി കരക്കാട്ട് എന്നിവരാണ് കാനഡ യൂത്ത് കമ്മിറ്റി അംഗങ്ങൾ.

ഫോബി പോൾ ചിട്ടിശ്ശേരി (റീജിയൻ 1), ഉഷാ ജോർജ് (റീജിയൻ 2), അഭിലാഷ് പുളിക്കത്തൊടി (റീജിയൻ 3), എബ്രഹാം പോത്തൻ (റീജിയൻ 4), അജിത്ത് ചാണ്ടി (റീജിയൻ 5), സ്റ്റാൻലി എത്തുനിക്കൽ (റീജിയൻ 6), ലോണ ബാബു (റീജിയൻ 7), രാജീവ് വികുമാരൻ (റീജിയൻ 8), ജോൺസൺ കാരിക്കൽ (റീജിയൻ 9), റെജി വി. കുര്യൻ (റീജിയൻ 10), ഗീത ജോർജ് (റീജിയൻ 12), ലതാ മേനോൻ (റീജിയൻ 14) എന്നിവരാണ് ആർ.വി.പി.മാർ.

# രണ്ട് ഗിന്നസ്സ് റെക്കോർഡുകൾ ഒരേ വേദിയിൽ; ഫൊക്കാന കൺവൻഷൻ ചരിത്രനേട്ടത്തിൽ



**– ശ്രീകുമാർ ഉണ്ണിത്താൻ**

പെൻസിൽവേനിയ: ചെണ്ടമേളത്തിലും മോഹിനിയാട്ടത്തിലും ലോക റെക്കോർഡിട്ട് ഫൊക്കാന കൺവൻഷൻ ചരിത്രത്തിൽ ഇടം നേടി.

കേരളത്തിന്റെ നൃത്തവാദ്യ പാരമ്പര്യങ്ങളെ ലോകവേദിയിൽ അടയാളപ്പെടുത്തി പെൻസിൽവാനിയയിലെ കൽഹാരി റിസോർട്ടിൽ നടന്ന ഫൊക്കാന അന്താരാഷ്ട്ര കൺവൻഷൻ ചരിത്രനേട്ടമായി മാറി. ആയിരത്തിലേറെ നർത്തകർ ഒരേ വേദിയിൽ അണിനിരന്ന മോഹിനിയാട്ടവും അഞ്ഞൂറിലേറെ കലാകാരന്മാർ പങ്കെടുത്ത ചെണ്ടമേളവുമാണ് ഗിന്നസ് ലോക റെക്കോർഡിൽ ഇടം നേടിയത്.

രണ്ട് കലാരൂപങ്ങൾക്കും ഗിന്നസ് അംഗീകാരം ലഭിച്ചതിനേക്കാൾ ശ്രദ്ധേയമായത് അവ രണ്ടും വെറും ഒരു മണിക്കൂറിന്റെ വ്യത്യാസത്തിൽ നടന്നുവെന്നതാണ്.

ആദ്യം കൽഹാരി വേദിയിൽ മുഴങ്ങിയത് കേരളത്തിന്റെ മേളപ്പാരമ്പര്യത്തിന്റെ താളമായിരുന്നു. നൂറുകണക്കിന് ചെണ്ടകൾ ഒരേ താളത്തിൽ മുഴങ്ങിയപ്പോൾ അമേരിക്കൻ മണ്ണ് കേരളത്തിലെ ഉത്സവവേദിയായി മാറി. അതിനു പിന്നാലെ, ഏകദേശം ഒരു മണിക്കൂറിനുള്ളിൽ, ആയിരത്തിലേറെ നർത്തകർ ഒരേ വേദിയിൽ മോഹിനിയാട്ടത്തിന്റെ ലാസ്യഭാവവുമായി അണിനിരന്നു. ചെണ്ടയുടെ താളപ്പെരുക്കത്തിൽ നിന്ന് മോഹിനിയാട്ടത്തിന്റെ മൃദുലമായ ചുവടുകളിലേക്കുള്ള ഈ കലാപ്രയാണം തന്നെ കൺവൻഷന്റെ ഏറ്റവും ശ്രദ്ധേയമായ നിമിഷങ്ങളിലൊന്നായി.

മോഹിനിയാട്ടത്തിൽ സഹസ്രദളങ്ങൾ വിടർന്നതുപോലെ നർത്തകർ ഒരേ താളത്തിൽ ചുവടുവച്ചപ്പോൾ, അമേരിക്കൻ മണ്ണിൽ വിരിഞ്ഞത് കേരളത്തിന്റെ ലാസ്യസൗന്ദര്യത്തിന്റെ അപൂർവ ദൃശ്യവിസ്മയമായിരുന്നു. അമേരിക്കയിലെയും കാനഡയിലെയും വിവിധ ഭാഗങ്ങളിൽ നിന്നായി ദൂരം മറന്ന് എത്തിയ ആയിരത്തിലേറെ നൃത്തോ

▶ 4

## രണ്ട് ഗിന്നസ്സ് റെക്കോർഡുകൾ

പാസകരാണ് ചരിത്രപരമായ ഈ അവതരണത്തിന്റെ ഭാഗമായത്.

ഈ ചരിത്രശ്രമത്തിന്റെ പ്രധാന ശില്പികളിലൊരാളായിരുന്നു ഗുരു ബീനാ മേനോൻ. ആയിരത്തിലേറെ നർത്തകരുടെ ചുവടുകളും മുദ്രകളും ഭാവങ്ങളും ഒരേ താളത്തിൽ ഏകോപിപ്പിക്കുന്നതിനായി മാസങ്ങളോളം നീണ്ട പരിശീലനത്തിനും കൊറിയോഗ്രഫിക്കും അവർ നേതൃത്വം നൽകി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള നൃത്താധ്യാപകരെയും ഡാൻസ് സ്കൂളുകളെയും ഏകോപിപ്പിച്ച് ഏകീകൃത അവതരണഭാഷ രൂപപ്പെടുത്തുന്നതിലും ബീനാ മേനോന്റെ ഇടപെടൽ നിർണായകമായി.

നിമ്മി ദാസ്, നിമ്മി ബാബു, ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, ജെയിൻ തെരേസ, ബാബ അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗമ്യ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്, ജോജോ കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ, സുജിത് തോന്നാറിൽ, റുബീന സുദർശൻ, അപർണ ചാറ്റർജി തുടങ്ങി നിരവധി അധ്യാപകരും നൃത്തവിദ്യാലയങ്ങളും പരിശീലനത്തിന്റെയും ഏകോപനത്തിന്റെയും ഭാഗമായി.

കോട്ടയം ലക്ഷ്മി സിൽക്സ് സമർപ്പിച്ച പരമ്പരാഗത കേരളീയ വേഷവിധാനങ്ങളുടെ പ്രൗഢിയിലായിരുന്നു നർത്തകർ അരങ്ങിലെത്തിയത്. വെള്ളയും സ്വർണനിറവും കലർന്ന വേഷത്തിൽ ആയിരത്തിലേറെ നർത്തകർ ഒരേ ചുവടിൽ അണിനിരന്നപ്പോൾ കൽഹാരി വേദി കേരളത്തിലെ ഉത്സവവേദിയുടെ പ്രതീതിയിലായി.

മോഹിനിയാട്ടത്തിന്റെ ലാസ്യഭാവവും കൈമുദ്രകളും ചുവടുകളുടെ കൃത്യമായ ഏകോപനവും ചേർന്ന അവതരണം ഗിന്നസ് നേട്ടത്തിനൊപ്പം കേരളീയ നൃത്തപാരമ്പര്യത്തിന്റെ ആഗോള സാധ്യതയും വിളിച്ചോതി.

അതേസമയം, ഇതിന് തൊട്ടുമുമ്പ് കൽഹാരിയിൽ അരങ്ങേറിയ ചെണ്ടമേളം മറ്റൊരു ചരിത്രം കുറിക്കുകയായിരുന്നു. കേരളത്തിന്റെ മേളപാരമ്പര്യത്തെ അമേരിക്കൻ മലയാളികളുടെ മഹാസംഗമത്തിന്റെ വേദിയിൽ ലോകശ്രദ്ധയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ ഒരുക്കിയ ബൃഹത് ചെണ്ടപ്പഞ്ചാരിമേളത്തിൽ അഞ്ഞൂറിലേറെ കലാകാരന്മാരാണ് അണിനിരന്നത്.

വാദ്യകലാ ആചാര്യൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരോടൊപ്പം കലാമണ്ഡലം ശിവദാസ് ആശാനും കലാനിലയം കലാധരൻ ആശാനും ഉൾപ്പെടെ നിരവധി പ്രമുഖ ഗുരുക്കന്മാർ ഈ മഹാസംരംഭത്തിന്റെ ഭാഗമായി. മേളത്തിന്റെ ചീഫ് കോർഡിനേറ്ററായി മനോജ് വട്ടപ്പള്ളി പ്രവർത്തിച്ചു.

അഞ്ഞൂറിലേറെ കലാകാരന്മാരെ ഒരേ താളത്തിലേക്കും ഒരേ മേളക്രമത്തിലേക്കും കൊണ്ടുവരിക എന്നത് വലിയ സംഘാടന ദൗത്യമായിരുന്നു. അമേരിക്കയിലും കാനഡയിലുമായി മാസങ്ങളോളം നടന്ന പരിശീലന ക്യാമ്പുകളാണ് ഈ മഹാമേളത്തിന്റെ അടിത്തറ. വിവിധ പ്രാദേശിക ചെണ്ട സംഘങ്ങളും ഗുരുക്കന്മാരും തങ്ങളുടെ ശിഷ്യരെ പരിശീലിപ്പിച്ച് ഗിന്നസ് വേദിക്കായി സജ്ജരാക്കി.

മട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെയും കലാമണ്ഡലം ശിവദാസ് ആശാന്റെയും നേതൃത്വത്തിൽ ചെണ്ടകൾ ഒരുമിച്ച് മുഴങ്ങിയപ്പോൾ കൽഹാരി വേദി താളപ്രപഞ്ചമായി മാറി. ഓരോ ചെണ്ടയുടെയും നാദം മറ്റൊന്നിനോട് ചേർന്ന് ഉയർത്തിയ മേളപ്പെരുക്ക് കാണികളെ ആവേശത്തിലാഴ്ത്തി. കേരളത്തിലെ ക്ഷേത്രോത്സവങ്ങളുടെയും പൂരങ്ങളുടെയും ഓർമകൾ അമേരിക്കൻ മണ്ണിലേക്ക് പകരുന്നതായിരുന്നു ആ നിമിഷം.

ചെണ്ടമേളത്തിന്റെ ഗിന്നസ് നേട്ടത്തിന് പിന്നാലെ ഒരു മണിക്കൂറിനുള്ളിൽ മോഹിനിയാട്ടവും ലോക റെക്കോർഡ് സ്വന്തമാക്കിയതോടെ കൽഹാരി വേദി അപൂർവമായ ഇരട്ട ഗിന്നസ് വിജയത്തിന് സാക്ഷിയായി. കേരളത്തിന്റെ താളവും ലാസ്യവും ഒരേ കൺവൻഷനിൽ, ഒരേ ദിവസം, ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ ലോക റെക്കോർഡുകളായി മാറിയതോടെ ഫൊക്കാന കൺവൻഷൻ പ്രവാസി മലയാളി ചരിത്രത്തിലെ ശ്രദ്ധേയമായ സാംസ്കാരികഅധ്യായമായി.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഈ മഹാസംരംഭത്തിന്റെ ഒരുക്കങ്ങൾ. എക്സിക്യൂട്ടീവ് കമ്മിറ്റിയും വിവിധ കമ്മിറ്റികളും പ്രാദേശിക സംഘടനകളും ഗുരുക്കന്മാരും പരിശീലകരും കലാകാരന്മാരും നൂറുകണക്കിന് സന്നദ്ധപ്രവർത്തകരും കൈകോർത്താണ് രണ്ട് ഗിന്നസ് നേട്ടങ്ങളും യാഥാർഥ്യമാക്കിയത്.

ഗിന്നസ് റെക്കോർഡ് നേടുക എന്നതിലുപരി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയുന്ന മലയാളികളെ കേരളത്തിന്റെ കലാപാരമ്പര്യത്തിന്റെ പേരിൽ ഒരുമിപ്പിക്കുക എന്നതായിരുന്നു ഈ രണ്ട് സംരംഭങ്ങളുടെയും വലിയ സന്ദേശം. സംഘടനകളുടെയും പ്രദേശങ്ങളുടെയും തലമുറകളുടെയും അതിരുകൾ മറന്ന് കലാകാരന്മാർ ഒരേ ലക്ഷ്യത്തിനായി കൈകോർത്തു.

പ്രവാസത്തിന്റെ ഭൂമിശാസ്ത്രപരമായ അകലം മറികടന്ന് കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പുതിയ തലമുറയിലേക്ക് കൈമാറുന്നതിനുള്ള ശക്തമായ വേദിയായും ഈ ഇരട്ട ഗിന്നസ് നേട്ടം മാറി. ചെണ്ടയുടെ താളവും മോഹിനിയാട്ടത്തിന്റെ ചുവടുകളും ചേർന്ന് ലോകത്തോട് പറഞ്ഞത് ഒറ്റ സന്ദേശം,മലയാളി എവിടെയായാലും കേരളത്തിന്റെ കലയും സംസ്കാരവും അവന്റെ ഹൃദയത്തിൽ അതേ താ

## കെഎച്ച്എൻഎ ഹൂസ്റ്റൺ നേതൃ യോഗം പ്രസിഡന്റ് ടി ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു



ഹൂസ്റ്റൺ: മെട്രോ ഹൂസ്റ്റൺ പ്രദേശത്തെ കെ എച്ച്എൻഎ പ്രവർത്തകരുടെ നേതൃയോഗം കെ എച്ച്എൻഎ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. രജത ജൂബിലി പിന്നിട്ട സംഘടനയുടെ രണ്ടു കൺവൻഷനുകൾക്കു ആതിഥേയത്വം നൽകി മികവ് പുലർത്തിയ ഹൂസ്റ്റണിലെ ഇരുപത്തിയഞ്ചോളം മുൻനിര പ്രവർത്തകരാണ് യോഗത്തിൽ പങ്കെടുത്തത്. 2027ൽ ഫ്ളോറിഡയിൽ നടക്കുന്ന ഗ്ലോബൽ ഹിന്ദു സംഗമത്തിന്റെ മുന്നൊരുക്കങ്ങളെക്കുറിച്ചും കെഎച്ച്എൻഎ നടത്തിവരുന്ന വിവിധ കർമ്മ പദ്ധതികളെക്കുറിച്ചും പ്രസിഡന്റ് തന്റെ ഉദ്ഘാടനത്തിൽ പ്രതിപാദിച്ചു.

കേവലമായ ആചാര അനുഷ്ഠാനങ്ങളിൽ മാത്രമൊതുങ്ങാതെ വേദപഠന കളരിപോലുള്ള ജ്ഞാനസമ്പാദന യജ്ഞങ്ങളും സാങ്കേതിക മികവോടെ വളരുന്ന യുവതലമുറയിൽ ധാർമ്മികത സന്നിവേശിപ്പിക്കുന്ന സാമൂഹിക പഠന വേദികളും സംഘടന രാജ്യവ്യാപകമായി ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തിവരുന്നതായും ടി.ഉണ്ണികൃഷ്ണൻ പറഞ്ഞു. മുൻ പ്രസിഡന്റ് സുരേന്ദ്രൻ നായർ, സിൽവർജൂബിലി കൺവൻഷൻ ചെയർമാനായിരുന്ന സുനിൽ പൈങ്കോൾ എന്നിവർ കെഎച്ച്എൻഎയുടെ ഭാവിപ്രവർത്തനങ്ങളെകുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവെച്ചു.

റീജിയണൽ വൈസ് പ്രസിഡന്റ് സൂര്യജിത് സുഭാഷിതൻ ട്രസ്റ്റി ബോർഡ് അംഗം ഡോ. ബിജു പിള്ള, ഡയറക്ടർ ബോർഡ് അംഗങ്ങളായ അനിത മധു, രവീന്ദ്രൻ നായർ, യുവ കോ ഓർഡിനേറ്റർ ശബരി സുരേന്ദ്രൻ, എസ്എൻജിഎം പ്രസിഡന്റ് മധു ചിറക്കൽ, വനിതാ ഫോറം സെക്രട്ടറി അഞ്ജനാ മുരളി, പ്രദീപ് മറുത്തുപറമ്പിൽ തുടങ്ങിയവർ സംഘടനയുടെ പ്രാദേശിക ശാക്തീകരണത്തെക്കുറിച്ചും അടുത്ത കൺവൻഷന്റെ തയ്യാറെടുപ്പുകളെപ്പറ്റിയും ചർച്ച ചെയ്തു.

## ഐ.പി.എസ്.എഫ് 2026: ആത്മീയതയും കായികരംഗവും വേർതിരിക്കാനാവില്ലെന്ന് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്



**– മാർട്ടിൻ വിലങ്ങോലിൽ**

ടെക്സസ്: പ്രവാസി മലയാളി സമൂഹത്തിന്റെ സൗഹൃദത്തിനും കായികക്ഷമതയ്ക്കും പ്രാധാന്യം നൽകി സംഘടിപ്പിച്ച ഇന്റർ പാരിഷ് സ്പോർട്സ് ഫെസ്റ്റിവൽ (ഐ.പി.എസ്.എഫ് 2026) മാർച്ച് പാസ്റ്റും സാംസ്കാരിക സമാപന സമ്മേളനവും നടന്നു.

എഡിൻബർഗ് എ.സി.ഇ സെന്ററിൽ നടന്ന ചടങ്ങുകൾ ഷിക്കാഗോ സീറോ മലബാർ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട്, രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ, ഐ.പി.എസ്.എഫ് ചെയർമാൻ ഫാ.റോയി മൂലേച്ചാലിൽ, എഡിൻബർഗ് മേയർ ഒമർ ഓച്ചോവ, മുൻ മേയർ റമീറോ ഗാർസ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

വിവിധ ഇടവകകളിൽ നിന്നുള്ള ടീമുകൾ അണിനിരന്ന വർണ്ണാഭമായ മാർച്ച് പാസ്റ്റ് മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച് കോപ്പൽ ഇടവക ഒന്നാം സ്ഥാനം നേടി ചാമ്പ്യന്മാരായി.

ഐ.പി.എസ്.എഫ് ചെയർമാൻ ഫാ.റോയി മൂലേച്ചാലിൽ, ജനറൽ കോഓർഡിനേറ്റർ ജോസഫ് ബിജു, സെക്രട്ടറി അമ്പിളി റോബിൻ, അക്കൗണ്ടന്റ് ആൽവിൻ ജോസഫ്, ട്രസ്റ്റിമാരായ മനോജ് മൈക്കിൾ, ജോജോ തോമസ് എന്നിവരടങ്ങുന്ന ഡി. എം.സി കോർ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് മേള വിജയകരമായി സംഘടിപ്പിച്ചത്.

തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനത്തിൽ മാർ ജോയ് ആലപ്പാട്ട്, മേയർ ഒമർ ഓച്ചോവ, മുൻ മേയർ റമീറോ ഗാർസ, ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, ഫാ.റോയി മൂലേച്ചാലിൽ എന്നിവർ പ്രസംഗിച്ചു.

ആത്മീയതയും കായികരംഗവും തമ്മിൽ വേർതിരിക്കാനാവില്ലെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മാർ ജോയ് ആലപ്പാട്ട് ഓർമ്മിപ്പിച്ചു. തങ്ങളുടെ സമയവും കഴിവുകളും വിനിയോഗിച്ച് ഈ കായികമേളയുടെ വിജയത്തിനായി പ്രയത്നിച്ച ഏവരെയും ബിഷപ്പ് നന്ദിയോടെ സ്മരിച്ചു. കായികമേളയുടെ സുഗമമായ നടത്തിപ്പിനായി ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകി സഹായിച്ച എഡിൻബർഗ് മേയർ ഒമർ ഓച്ചോവയ്ക്കും നഗരസഭയ്ക്കും അദ്ദേഹം പ്രത്യേക നന്ദിയും അറിയിച്ചു.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് 2026ലെ എജ്യുക്കേഷൻ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു

**- പി.പി ചെറിയാൻ**

ഡാളസ്: ഇന്ത്യ കൾച്ചറൽ ആൻഡ് എജ്യുക്കേഷൻ സെന്ററും കേരള അസോസിയേഷൻ ഓഫ് ഡാളസും സംയുക്തമായി നൽകുന്ന 2026ലെ എജ്യുക്കേഷൻ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാർത്ഥികളുടെ മികച്ച പഠനമികവിനെ പ്രോത്സാഹിപ്പിക്കുന്നതിനാണ് അവാർഡുകൾ നൽകുന്നത്.

2024, 2025 വർഷങ്ങളിൽ കേരള അസോസിയേഷൻ അംഗങ്ങളായവരുടെ മക്കൾക്ക് അപേക്ഷിക്കാം. ഡി.എഫ്.ഡബ്ല്യു ഏരിയയിലേക്ക് അടുത്തിടെ താമസം മാറിയ പുതിയ അംഗങ്ങളുടെ മക്കൾക്കും അർഹതയുണ്ടായിരിക്കും.

2026 സെപ്റ്റംബർ 5ന് നടക്കുന്ന ഓണം ആഘോഷ ചടങ്ങിൽ വെച്ച് വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യും.

വിദ്യാർത്ഥികളുടെ റിപ്പോർട്ട് കാർഡിന്റെയോ എസ്.എ.ടി സ്കോറിന്റെയോ പകർപ്പ് 2026 ഓഗസ്റ്റ് 10ന് മുൻപായി തപാൽ വഴിയോ ഇ മെയിൽ വഴിയോ സമർപ്പിക്കേണ്ടതാണ്. വേഗത്തിലുള്ള നടപടികൾക്കായി ഇ മെയിൽ അയക്കുന്നതാണ് ഉചിതം.

കൂടുതൽ വിവരങ്ങൾക്ക്:

റുമാന സംജാദ്: 215 514 7685, മാത്യു നൈനാൻ: 214 478 6543, ഷിജു അബ്രഹാം: 214 929 3750, തോമസ് ഈശോ: 214 478 6543, മൻജിത് കൈനിക്കര : 972 679 8555

അപേക്ഷ അയക്കേണ്ട വിലാസം

E-mail: rumana14u@gmail.com

Mailing Address: 3821 BROADWAY BLVD, GARLAND TX 75043

## ഓർമ്മയിലെ ഓണം മാഗിലൂടെ അത്തത്തിളക്കം 16ന്

**- ജിൻസ് മാത്യു, റിവർസ്റ്റോൺ**

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) ഓഗസ്റ്റ് 22 ശനിയാഴ്ച നടക്കുന്ന മെഗാ ഓണത്തിന്റെ കിക്ക് ഓഫ് അത്തത്തിളക്കംഇ ൗ മാസം 16 ഞായറാഴ്ച 2ന് മാഗ് ആസ്ഥാനമായ കേരള ഹൗസിന്റെ ഗ്രൗണ്ടിൽ നടക്കും.

ഉറിയടി മൽസരം, കബിഡി, വടം വലി, അത്തപ്പൂക്കള മൽസരം തുടങ്ങി നിരവധി മൽസരങ്ങൾ അത്തദിനമായ ഞായറാഴ്ച അരങ്ങേറും. അത്തത്തിളക്കം പരിപാടിയിലേക്ക് മാഗ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഏവരെയും സ്വാഗതം ചെയ്യുന്നു. ഓഗസ്റ്റ് 22ന് നടക്കുന്ന ഹൂസ്റ്റൺ ഓണമായ മാഗ് മെഗാ ഓണത്തിന്റെ ഒരുക്കങ്ങൾ പൂർത്തികരിച്ചതായി പ്രസിഡന്റ് റോയി മാത്യു, സെക്രട്ടറി വിനോദ് ചെറിയാൻ, ട്രഷറർ സുനിൽ തങ്കപ്പൻ, വൈസ് പ്രസിഡന്റ് ഷിനു ഏബ്രഹാം എന്നിവർ അറിയിച്ചു.

## സി.എസ്.ഐ ഡാളസ് കോൺഗ്രിഗേഷൻ വാർഷിക കൺവെൻഷൻ 21 മുതൽ

**- പി പി ചെറിയാൻ**

ഡാളസ്: സി.എസ്.ഐ ഡാളസ് കോൺഗ്രിഗേഷന്റെ ഈ വർഷത്തെ വാർഷിക സഭാ കൺവെൻഷൻ ഓഗസ്റ്റ് 21 വെള്ളിയാഴ്ച മുതൽ 23 ഞായറാഴ്ച വരെ ഗാർലൻഡിലെ ദേവാലയ പാരിഷ് ഹാളിൽ നടക്കും.

റവ. ബൈജു ഈപ്പൻ കൺവെൻഷനിൽ ദൈവവചന പ്രഘോഷണം നടത്തും. 'ദൈവിക വഴിനടത്തൽ' (സങ്കീർത്തനം 27:14) എന്നതാണ് ഈ വർഷത്തെ കൺവെൻഷൻ ചിന്താവിഷയം. 21, 22 ദിവസങ്ങളിൽ വൈകിട്ട് 7നും 23ന് രാവിലെ 9.30നുമാണ് കൺവൻഷൻ നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്

www.csicod.org

## ഇന്ത്യക്കാർക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി രാജാ കൃഷ്ണമൂർത്തി

**- പിപി ചെറിയാൻ**

വാഷിംഗ്ടൺ: ട്രംപ് ഭരണകൂടം ഏഷ്യക്കാർക്കും ഇന്ത്യക്കാർക്കും എതിരായ വിദ്വേഷ വികാരങ്ങൾ വർദ്ധിപ്പിച്ചുവെന്ന് അമേരിക്കൻ കോൺഗ്രസ് അംഗം രാജാ കൃഷ്ണമൂർത്തി. ട്രംപ് അധികാരത്തിൽ വന്നത് മുതൽ വിദേശികളോടുള്ള ആളുകളുടെ ഭയത്തെ ചൂഷണം ചെയ്തുവെന്നും, പത്ത് വർഷമായി ഇത് വിദ്വേഷ പ്രചാരണമായി വളരുകയും സ്വാഭാവികവൽക്കരിക്കപ്പെടുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് കാലത്തെ ചൈനീസ് വിരുദ്ധതയ്ക്കും നിലവിലെ ഇന്ത്യക്കാർക്കെതിരായ വിദ്വേഷ പ്രചാരണങ്ങൾക്കും കാരണം ഇതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

എച്ച്1ബി വിസകൾക്ക് 1,00,000 ഡോളർ ഫീസ് ചുമത്താനുള്ള നീക്കത്തെയും അദ്ദേഹം ശക്തമായി വിമർശിച്ചു. ഇത് അമേരിക്കൻ സമ്പദ് വ്യവസ്ഥയെ സഹായിക്കുന്ന വിദഗ്ദ്ധ തൊഴിലാളികളെയും സാങ്കേതിക വിദഗ്ദ്ധരെയും രാജ്യത്ത് നിന്ന് അകറ്റുമെന്നും, അമേരിക്കയുടെ ആഗോള മത്സരശേഷിയെ ബാധിക്കുമെന്നും കൃഷ്ണമൂർത്തിമുന്നറിയിപ്പ് നൽകി.

## സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സിന്റെ ഓണാഘോഷവും വാർഷികാഘോഷങ്ങളുടെ കിക്കോഫും നടത്തി



**- ഡോ.ജോർജ് എം.കാക്കനാട്ട്**

ഹൂസ്റ്റൺ: സൗത്ത് ഇന്ത്യൻ യു.എസ്. ചേംബർ ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ ഹൂസ്റ്റൺ മേഖലയിലെ പ്രഥമ ഓണാഘോഷവും സംഘടനയുടെ 15-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും വർണാഭമായി നടത്തി.

സംസ്കാരത്തിന്റെയും ബിസിനസ് കൂട്ടായ്മയുടെയും സന്ദേശം ഉയർത്തിപ്പിടിച്ച ചടങ്ങിൽ ഹൂസ്റ്റണിലെ സാമുദായിക വ്യാപാരി രംഗത്തെ പ്രമുഖരും ചേംബർ അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്തു.

ശശിധരൻ നായരാണ് മഹാബലിയുടെ വേഷത്തിലെത്തി ഓണസന്ദേശം നൽകിയത്. തുടർന്ന് നടന്ന ദീപം കൊളുത്തുന്ന ചടങ്ങിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ പ്രസിഡന്റ് റോയ് മാത്യു, സൗത്ത് ഇന്ത്യൻ യു.എസ്. ചേംബർ ഓഫ് കൊമേഴ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

ചേംബർ പ്രസിഡന്റ് ഡോ.ജോർജ് കാക്കനാട്ട് അധ്യക്ഷത വഹിച്ചു. സംഘടനയുടെ 15 വർഷത്തെ പ്രവർത്തന യാത്രയും നേട്ടങ്ങളും അടയാളപ്പെടുത്തുന്ന പ്രത്യേക വാർഷിക റീൽ ചടങ്ങിൽ പ്രദർശിപ്പിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, മാഗ് പ്രസിഡന്റ് റോയ് മാത്യു, അസോസിയേറ്റ് സെക്രട്ടറി സാം സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജിജി ഓലിയ്ക്കൽ, ജിജു കുളങ്ങര, ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ, ജോൺ ഡബ്ല്യു. വർഗീസ്, ഫോമാ ആർ.വി.പി മിക്കി തുടങ്ങിയവർ പങ്കെടുത്തു. ചേംബർ വനിതാ ക്ലബ്ബ് അവതരിപ്പിച്ച ഫ്യൂഷൻ നൃത്തങ്ങളും കണ്ണപ്പൻ, സണ്ണി കാരയ്ക്കൽ എന്നിവരുടെ ഗാനമേളയും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

ചേംബർ സെക്രട്ടറി ബ്രൂസ് കൊളമ്പേലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളുടെ സഹകരണത്തോടെയാണ് പരിപാടികൾ ഏകോപിപ്പിച്ചത്.സണ്ണികരിക്കാൽ അവതാരകനായിരുന്നു.

## കാൻ ഓണത്തിന് നാന്ദി കുറിച്ച് പായസപെരുമ



ഓണാഘോഷങ്ങൾക്ക് നാന്ദി കുറിച്ചുകൊണ്ട് കേരള അസോസ്സിയേഷൻ ഓഫ് നാഷിൽ (കാൻ) അതിന്റെ അംഗങ്ങൾക്ക് വേണ്ടി തനതായ പായസമത്സരം സംഘടിപ്പിച്ചു.

രുചിമധുരവും വർണ്ണാഭവുമായ പായസങ്ങളുടെ പ്രദർശനവും മത്സരവും നാഷിൽ മലയാളികൾക്ക് ഒരു പുതുമയേറിയ അനുഭവമായിത്തീർന്നു.

നാഷിൽ നഗരകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന സെന്റിനിയൽ പാർക്കിലായിരുന്നു കാൻ അംഗങ്ങളുടെ ഒത്തുകൂടൽ.

കാൻ കൾച്ചറൽ കമ്മിറ്റി ചെയർ ശ്രീഷ അനീഷ്, കോചെയർ ആശ പത്യാരി എന്നിവർ പായസപെരുമക്ക് നേതൃത്വം നല്കി.

കാൻ അംഗങ്ങളോടൊപ്പം കാൻ വൈസ് പ്രസിഡണ്ട് സുശീല സോമരാജൻ, സെക്രട്ടറി സുജിത് പിള്ള, ജോയിന്റ് ട്രഷറർ നിജിൽ ഉണ്ണിയാൻ, ഇന്ത്യൻ അസോസ്സിയേഷൻ ഓഫ് നാഷിൽ മുൻ പ്രസിഡണ്ട് ആദർശ് രവിന്ദ്രൻ എന്നിവരും സന്നിഹിതരായിരുന്നു.

കാൻ ഓണാഘോഷം ആഗസ്റ്റ് 22 ശനിയാഴ്ച്ച മർഫീസ്ബറൊ പാറ്റേഴ്സൺ പാർക്കിലെ വിശാലമായ ജിംനേഷ്യത്തിലും വാഷിങ്ങ്ടൺ ഓഡിറ്റോറിയത്തിലുമായി പൂർവാധികം ഉത്സവപൊലിമയോടെ സംഘടിപ്പിക്കും.

വാഴയിലയിൽ വിളമ്പുന്ന വിഭവ സമൃദ്ധമായ സദ്യ, ചെണ്ടമേളവും മാവേലിയും വാമനനും പുലികളിയും താലപ്പൊലിയും ചേർന്ന ഘോഷയാത്ര, അതിനുശേഷം കാൻ അംഗങ്ങളുടെ കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും.

മുഖ്യാതിഥിയായി സുപ്രസിദ്ധ പാട്ടുകാരനും സംഗീതസംവിധായകനുമായ ഫ്രാങ്കോ സൈമൺ പങ്കെടുക്കും.

ഓണാം മഹോത്സവം 2026 വിജയപ്പിക്കുന്നതിനുവേണ്ടി കാൻ ഭരണസമിതിയുടേയും വളണ്ടിയർമാരുടേയും നേതൃത്വത്തിൽ അണിയറ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരികയാണെന്ന് കാൻ പ്രസിഡണ്ട് ശങ്കർ മന അറിയിച്ചു.

**Indian Akshay Urja Day** (August 20)

This project aims to make people aware of the process of development and deployment of renewable energy in India. The project focuses on the development of sustainable energy by utilising solar, wind, and hydro energies.

# വേൾഡ് മലയാളി കൗൺസിൽ ഗ്രേറ്റർ ഷാർലറ്റ് പ്രൊവിൻസിന് തുടക്കം



ഷാർലറ്റ്: വേൾഡ് മലയാളി കൗൺസിൽ വടക്കേ അമേരിക്കൻ റീജിയന്റെ കീഴിൽ ഗ്രേറ്റർ ഷാർലറ്റ് പ്രൊവിൻസ് രൂപീകരിച്ചു. അമേരിക്ക റീജിയന്റെ നേതൃത്വത്തിൽ നടന്ന പ്രത്യേക സൂം യോഗത്തിലാണ് പുതിയ പ്രൊവിൻസിന്റെ രൂപീകരണം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

പ്രൊവിൻസ് രൂപീകരിക്കുന്നതിന് മുൻകൈയെടുത്ത വേൾഡ് മലയാളി ഗ്ലോബൽ ഒ.സി.ഐ.ഫോറം ചെയർമാൻ സാജു തുറുത്തലിനെയും അമേരിക്ക റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിലിനെയും ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അഭിനന്ദിച്ചു.

അമേരിക്ക റീജിയനിൽ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലും പുതിയ പ്രൊവിൻസുകൾ രൂപീകരിക്കുന്നതിലും നേതൃത്വം നൽകുന്ന റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിലിനെയും ഗ്ലോബൽ നേതൃത്വം അഭിനന്ദിച്ചു.

യോഗത്തിൽ ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടക്കൽ, വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, ട്രഷറർ സണ്ണി വേല്യത്ത്, സെക്രട്ടറി ഷാജി മാത്യു, അമേരിക്കൻ റീജിയൻ വൈസ് പ്രസിഡന്റ് ഡോ.തങ്കം അരവിന്ദ്, ഗ്ലോബൽ വിമൻസ് ഫോറം പ്രസിഡന്റ് ഷീല റെജി, യൂത്ത് ഫോറം പ്രസിഡന്റ് രേഷ്മ റെജി, ഗ്ലോബൽ ഒ.ഐ.സി.ഫോറം ചെയർമാൻ സാജു തുറുത്തേൽ എന്നിവർ പങ്കെടുത്തു.

മിഡിൽ ഈസ്റ്റ് ഫോറം ചെയർമാൻ സക്കീർ ഹുസൈൻ, പ്രസിഡന്റ് സുധീർ സുബ്രഹ്മണ്യൻ, ദുബായ് പ്രൊവിൻസ് സെക്രട്ടറി റെജി ജോർജ് എന്നിവരും യോഗത്തിൽ പങ്കെടുത്തു.

അമേരിക്കൻ റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിൽ, ചെയർമാൻ ഡോ. ഷിബു സാമുവൽ, സെക്രട്ടറി മഞ്ജു നീലിവീട്ടിൽ, ട്രഷറർ മോഹൻകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ഗ്രേറ്റർ ഷാർലറ്റ് പ്രൊവിൻസിന് തുടക്കമായത്.

ഷാജി പീറ്റർ (ചെയർമാൻ), എൽഡോ പോൾ (പ്രസിഡന്റ്), സിബി ജേക്കബ് (സെക്രട്ടറി), ഷിബി വർഗീസ് (ട്രഷറർ), ലീലമ്മ ജോസ്മാനിവൈസ് പ്രസിഡന്റ് (അഡ്മിൻ), ഗ്രേസി ജോസഫ് വൈസ് പ്രസിഡന്റ് (ഓർഗനൈസേഷൻ), രാജിത് കാക്കുന്നത്ത് (വൈസ് ചെയർ), പീറ്റർ കോരത്ത് (ആർട്സ് ആന്റ് കൾച്ചറൽ ഫോറം), രഞ്ജിത് ഗോപാലൻ (ജോയിന്റ് ട്രഷറർ), ബോബി ജോൺ(ജോയിന്റ് സെക്രട്ടറി), സീന ടോമി (വിമൻസ് ഫോറം ചെയർ), ടാഷ പോൾ (യൂത്ത് ഫോറം), അന്നു ജോസ് (ഐ.ടി. ആന്റ് മീഡിയ ഫോറം), ആഗ്നസ് ജേക്കബ് (യൂത്ത് ഫോറം), ജോർജ് മണി (കൗൺസിൽ എക്സിക്യൂട്ടീവ്), ജോർജ് ജോസഫ് (കൗൺസിൽ എക്സിക്യൂട്ടീവ്), ലാൽസൻ ജോൺ (കൗൺസിൽ എക്സിക്യൂട്ടീവ്), പ്രിയ വർഗീസ് (വിമൻസ് ഫോറം സെക്രട്ടറി) എന്നിവരാണ് ഗ്രേറ്റർ ഷാർലറ്റ് പ്രൊവിൻസ് ഭാരവാഹികൾ.

# സാമ്പത്തിക വിദഗ്ധരുടെ കണക്കുകൂട്ടൽ തെറ്റിച്ചു; കാനഡയിൽ വൻ തൊഴിൽ വർധന

**– പ്രസാദ് തീയാടിക്കൽ**

ഒട്ടാവ: സാമ്പത്തിക വിദഗ്ധരുടെ പ്രതീക്ഷകളെ മറികടന്ന് കാനഡയിൽ ജൂലൈ മാസത്തിൽ 75,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി സ്റ്റാറ്റിസ്റ്റിക്സ് കാനഡയുടെ പുതിയ തൊഴിൽ റിപ്പോർട്ട്. ഇതോടെ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 6.4 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന തൊഴിലില്ലായ്മ നിരക്കാണിത്.

മൊത്ത ചില്ലറ വ്യാപാരം, ധനകാര്യ ഇൻഷുറൻസ്, പ്രൊഫഷണൽ ശാസ്ത്രീയ സേവന മേഖലകൾ എന്നിവയിലാണ് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടായത്. സ്വകാര്യ മേഖലയിലെ നിയമനങ്ങൾ വർധിച്ചതും കാനഡയുടെ തൊഴിൽ വിപണിക്ക് കരുത്തേകിയതായി റിപ്പോർട്ടിൽ പറയുന്നു.

അമേരിക്കൻ വ്യാപാര സമ്മർദങ്ങളും ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിലാണ് കാനഡയുടെ തൊഴിൽ വിപണി പ്രതീക്ഷിച്ചതിനേക്കാൾ മികച്ച പ്രകടനം കാഴ്ചവെച്ചത്. ഈ റിപ്പോർട്ട് രാജ്യത്തിന്റെ സാമ്പത്തിക വീണ്ടെടുപ്പിന് അനുകൂല സൂചനയാണെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

# ഫൊക്കാന കൺവെൻഷൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു



കൽഹാരി റിസോർട്ടിലെ ഫൊക്കാന അന്തർദേശീയ കൺവെൻഷൻ പ്രസിദ്ധ സിനിമ സംവിധയകൻ അടൂർ ഗോപലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സജിമോൻ ആന്റണി നടത്തിയ പ്രസംഗം സംഘടനയുടെ ഭാവി കാഴ്ചപ്പാടുകളും കഴിഞ്ഞ വർഷങ്ങളിലെ നേട്ടങ്ങളും സമൂഹസേവന പ്രതിബദ്ധതയും ഒരുമിച്ച് വിളിച്ചോതുന്ന പ്രഖ്യാപനമായി മാറി.

കഴിഞ്ഞ രണ്ടു വർഷക്കാലം ഫൊക്കാനയുടെ ചരിത്രത്തിൽ സുവർണലിപികളിൽ രേഖപ്പെടുത്താവുന്ന പ്രവർത്തനങ്ങളാണ് സംഘടന കാഴ്ച വെച്ചതെന്ന് അദ്ദേഹം പറഞ്ഞു. ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കുകയും ഓരോ പരിപാടിയും കൂട്ടായ്മയിലൂടെ വിജയിപ്പിക്കുകയും ചെയ്തതാണ് ഫൊക്കാനയുടെ ശക്തിയെന്ന് അദ്ദേഹം പറഞ്ഞു. ഡോ.എം.അനിരുദ്ധന്റെ സ്ഥാപക നേതൃത്വത്തെയും അദ്ദേഹം പ്രത്യേകം അനുസ്മരിച്ചു.

ചരിത്രത്തിൽ സ്ഥാനം നേടുന്ന കൺവെൻഷനായി കൽഹാരി സമ്മേളനം മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ച ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാനയുടെ മുന്നോട്ടുള്ള യാത്ര കൂടുതൽ ശക്തവും ജനകീയവുമായിരിക്കുമെന്ന് സ്വാഗതപ്രസംഗത്തിൽ പറഞ്ഞു.

1983ൽ മലയാള ഭാഷയും സംസ്കാരവും സംരക്ഷിക്കാനും വടക്കേ അമേരിക്കയിലെ മലയാളികളെ ഒരുമിപ്പിക്കാനുമായി ആരംഭിച്ച ഫൊക്കാന ഇന്ന് നൂറിലധികം അംഗസംഘടനകളുടെ ശക്തിയോടെ കേരളത്തിലും ഇന്ത്യയിലും അമേരിക്കയിലുമായി ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തിൽ സ്പർശം ചെലുത്തുന്ന ജനകീയ പ്രസ്ഥാനമായി വളർന്നുവെന്ന് സജിമോൻ ആന്റണി പറഞ്ഞു. ഇനി ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിലേക്ക് ഈ സേവനവലയം വ്യാപിപ്പിക്കുകയാണ് സംഘടനയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫൊക്കാനയുടെ ഏറ്റവും ശ്രദ്ധേയമായ ജനക്ഷേമ പദ്ധതികളിലൊന്നായ ഫൊക്കാന മെഡിക്കൽ പ്രിവിലേജ് കാർഡ് പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസമായി മാറിയെന്ന് അദ്ദേഹം പറഞ്ഞു. രാജഗിരി, കാരിത്താസ്, ബിലീവേഴ്സ്, കിംസ്, ബേബി മെമ്മോറിയൽ തുടങ്ങി കേരളത്തിലെ പ്രമുഖ ആശുപത്രികളുമായി ചേർന്ന് ചികിത്സാ ഇളവുകൾ ലഭ്യമാക്കുന്ന പദ്ധതി, സംഘടന ജനങ്ങളുടെ ദൈനംദിന ജീവിതത്തെ എങ്ങനെ സ്പർശിക്കാമെന്നതിന്റെ മികച്ച മാതൃകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് പദ്ധതിയും അദ്ദേഹം അവതരിപ്പിച്ചു. അമേരിക്കയിൽ മെഡിക്കെയർ, മെഡിക്കെയ്ഡ്, സ്വകാര്യ ഇൻഷുറൻസ് എന്നിവയുടെ പരിധിയിൽ വരാത്തവർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും സൗജന്യ ആരോഗ്യസഹായം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിരവധി ഡോക്ടർമാരുടെ സഹകരണത്തോടെ ആരംഭിച്ച ക്ലിനിക്കുകൾ ന്യൂയോർക്ക്, ഷിക്കാഗോ, ഫ്ലോറിഡ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

# ലബ്ബക്കിൽ സാംസ്കാരിക തനിമയോടെ ഓണാഘോഷം നടത്തി



**– പി.പി ചെറിയാൻ**

ടെക്സസ്: വെസ്റ്റ് ടെക്സസിലെ ലബ്ബക്കിൽ മലയാളി സമൂഹം ഓണാഘോഷം നടത്തി. ക്രിസ്റ്റ് ദി കിംഗ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കേരളത്തിന്റെ തനിമയും സംസ്കാരവും സൗഹൃദവും നിറഞ്ഞുനിന്നു.

മുതിർന്ന അംഗങ്ങളും പുരോഹിതന്മാരും വിശിഷ്ടാതിഥികളും ചേർന്ന് നിലവിളക്ക് തെളിയിച്ചതോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്.

ബിജു, ലെജോ എന്നിവർ അവതാരകരായ സാംസ്കാരിക സന്ധ്യയിൽ ഷീബ, ജെല്ലി, അഞ്ജു എന്നിവരുടെ പ്രാർത്ഥനാഗാനത്തോടെ തുടക്കമായി. ജിജി സ്വാഗതം ആശംസിച്ചു.

ലബ്ബക്ക് മാർത്തോമ്മാ ചർച്ച് വികാരി റവ. ഫാദർ ജെയിംസ് കെ.ജോൺ ഓണസന്ദേശം നൽകി. ഐക്യം, നന്ദി, പരസ്പര സ്നേഹം എന്നിവ നിലനിർത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ലബ്ബക്ക് ബോയ്സിന്റെ കലപില ഗ്രൂപ്പ് സോംഗ്, റെജി, നവീൻ, സിബി രാജൻ, ബിജു പുത്തേട്ട് എന്നിവരുടെ സംഗീത വിരുന്ന്, ലെനോ, ഷീബ, ലിഡിയ എന്നിവർ ഫാമിലി പെർഫോമൻസ് അവതരിപ്പിച്ചു. രാജൻ സിബി കൂട്ടുകെട്ടിന്റെ നൃത്തവും ലിഡിയ ആകർഷകമായ നൃത്തച്ചുവടുകളും വച്ചു. ലളിത് കുമാർ ആശംസാപ്രസംഗം നടത്തുകയും അനീഷ് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ലെജോയുടെ നേതൃത്വത്തിൽ വൈവിധ്യമാർന്ന കായിക മത്സരങ്ങൾ നടന്നു. മലബാർ ടീമും തിരുവിതാംകൂർ ടീമും തമ്മിൽ നടന്ന ആവേശകരമായ വടംവലി മത്സരം ആഘോഷത്തിന് ആവേശം പകർന്നു. മ്യൂസിക്കൽ ചെയർ, ലെമൺ ആൻഡ് സ്പൂൺ റേസ് എന്നിവയും സംഘടിപ്പിച്ചിരുന്നു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

വിഭവസമൃദ്ധമായ ഓണസദ്യ ആഘോഷങ്ങളുടെ പ്രധാന ആകർഷണമായിരുന്നു. തുടർന്ന് സംഗീതവും നൃത്തവും നിറഞ്ഞ ഓപ്പൺ ഫ്ലോറോടെ ആഘോഷങ്ങൾ അവസാനിച്ചു.

## ഐ.പി.സി കാനഡ റീജിയൻ വുമൺസ് ഫെലോഷിപ്പിന് പുതിയ നേതൃത്വം

- സജി പുല്ലാട് ഹൂസ്റ്റൺ






ടൊറന്റോ: ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ (ഐ.പി.സി) കാനഡ റീജിയൻ വുമൺസ് ഫെലോഷിപ്പിന്റെ 2026-2029 കാലയളവിലേക്കുള്ള പുതിയ നേതൃത്വം നിലവിൽ വന്നു.

സിസ്റ്റർ പ്രെയസികുട്ടി ടോംസൺ (പ്രസിഡണ്ട്), സിസ്റ്റർ ഹെപ്സിബ ഗ്രേയ്സൺ (വൈസ് പ്രസിഡണ്ട്), സിസ്റ്റർ ജോളി റെജി (സെക്രട്ടറി), സിസ്റ്റർ ലിജി ബെറിൽ (ട്രഷറർ) എന്നിവരാണ് പുതിയതായി തെരഞ്ഞെടുക്കപ്പെട്ടവർ.

ഐ.പി.സി കാനഡ റീജിയൻ പ്രസിഡന്റ് പാസ്റ്റർ എബി കെ ബെന്നിന്റെ അധ്യക്ഷതയിലും സെക്രട്ടറി പാസ്റ്റർ ബെറിൽ തോമസിന്റെ നേതൃത്വത്തിലും നടന്ന പൊതുയോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

പ്രാർത്ഥന, ആത്മീയ വളർച്ച, വചന പഠനം, സ്ത്രീകളുടെ ശാക്തീകരണം, കുടുംബ ബന്ധങ്ങളുടെ ശക്തിപ്പെടുത്തൽ, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്നും പുതിയ തലമുറയ്ക്ക് നല്ല മാതൃകയായി കൂടുതൽ സഹോദരിമാരെ ആത്മീയ ശുശ്രൂഷയിലേക്ക് നയിക്കുവാൻ പ്രോത്സാഹിപ്പിക്കുമെന്നും പാസ്റ്റർ എബി കെ ബെൻ പുതിയ നേതൃത്വത്തിന് ആശംസകൾ നേർന്ന് സംസാരിച്ചു.

പ്രെയ്സികുട്ടി, ഹെപ്സിബ, ജോളി, ലിജി എന്നിവർ സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുമെന്നും യുവതലമുറയെ വിശ്വാസത്തിലും മൂല്യങ്ങളും വളർത്തുന്നതിനും പ്രാർത്ഥനയാൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമെന്നും, തങ്ങളെ തെരഞ്ഞെടുപ്പിൽ സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദിയും സംയുക്തമായി അറിയിച്ചു.

ഐപിസി കാനഡ റീജിയൻ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പെനിയേൽ ചെറിയാൻ അനുഗ്രഹ പ്രാർത്ഥന നടത്തി.

## വന്ദേമാതരവും ദേശീയ ഗാനവും എന്ന ക്രമം പാലിക്കണമെന്ന് എ.എം.ഡബ്ല്യൂ എ പ്രസിഡണ്ട് എബി തോമസ്

തിരുവനന്തപുരം: സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ദേശീയ ഗീതമായ വന്ദേമാതരം മുഴുവനായും ആലപിക്കണമെന്ന് ഉത്തരവിറക്കി സംസ്ഥാന സർക്കാർ. വന്ദേമാതരം ആലാപനം കർശനമാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ തീരുമാനത്തിന് പിന്നാലെയാണ് ചീഫ് സെക്രട്ടറി തദ്ദേശ വകുപ്പ് സെക്രട്ടറിക്ക് ഔദ്യോഗികമായി കത്ത് നൽകിയിരിക്കുന്നത്.

വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നേരത്തെ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരുന്നു. സംസ്ഥാന ഗീതത്തിന് ശേഷം ദേശീയ ഗീതമായ വന്ദേമാതരവും തുടർന്ന് ദേശീയ ഗാനവും എന്ന ക്രമത്തിലാണ് ചടങ്ങുകളിൽ ആലപിക്കേണ്ടത്. സംസ്ഥാനത്തിന് സ്വന്തമായി സംസ്ഥാന ഗീതം ഇല്ലെങ്കിൽ ആദ്യം വന്ദേമാതരവും അതിനുശേഷം ദേശീയ ഗാനവും എന്ന ക്രമം കർശനമായി പാലിക്കണമെന്നാണ് പുതിയ നിർദേശം.

കൂടാതെ, വന്ദേമാതരത്തിലെ യഥാർഥ കവിതയിലുള്ള ആറ് ചരണങ്ങളും ഒട്ടും ഒഴിവാക്കാതെ പൂർണമായി തന്നെ ആലപിക്കണമെന്നും നിർദേശത്തിൽ വ്യക്തമാക്കുന്നുണ്ട്. ദേശീയ ഗീതത്തിന്റെ ഔദ്യോഗിക ആലാപന സമയം മൂന്ന് മിനിറ്റും 10 സെക്കൻഡുമാണ്. ദേശീയ ഗാനം ആലപിക്കുമ്പോൾ അവയുടെ വരികളും ചിഹ്നങ്ങളും കൃത്യമായി പാലിച്ച് കൃത്യമായി വേണം അവതരിപ്പിക്കാനെന്നും ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ ഉത്തരവിലുണ്ട്.

പ്രവാസി സംഘടനകൾ നടത്തുന്ന ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ വന്ദേമാതരവും അതിനുശേഷം ദേശീയ ഗാനവും എന്ന ക്രമം പാലിക്കണമെന്ന് എ.എം.ഡബ്ല്യൂ.എ പ്രസിഡണ്ട് എബി തോമസ് എല്ലാ പ്രവാസി സംഘടനകളോടും ആവശ്യപ്പെട്ടു.

**Onam** (August 26)

Onam is celebrated in the state of Kerala to mark the harvest season. It symbolises the story of the annual visitation of King Mahabali, who is remembered for his good deeds to people during his reign.

## സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസ് തുടക്കമിട്ടു



- പ്രസാദ് തീയാടിക്കൽ

ഷിക്കാഗോ: ഇന്ത്യയുടെ 80-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസ് ഷിക്കാഗോയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 6ന് ഡൗൺടൗൺ ഷിക്കാഗോയിലെ ഡാലി പ്ലാസയിൽ ഇന്ത്യൻ ദേശീയപതാക ഉയർത്തി രണ്ടാഴ്ച നീളുന്ന ആഘോഷങ്ങൾക്ക് തുടക്കമായി.

ഇന്ത്യൻ കോൺസുൾ ജനറൽ സോമനാഥ് ഘോഷ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസ് പ്രസിഡന്റ് ഹേമന്ത് പട്ടേൽ, സംഘടനാ ഭാരവാഹികൾ, അമേരിക്കൻ ജനപ്രതിനിധികൾ, വിവിധ ഇന്ത്യൻ സംഘടനകളുടെ പ്രതിനിധികൾ, നൂറുകണക്കിന് ഇന്ത്യൻ അമേരിക്കൻ സമൂഹാംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യൻ ത്രിവർണം അമേരിക്കൻ ദേശീയ പതാകയ്ക്കൊപ്പം പാറിയുയർന്നത് ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സൗഹൃദത്തിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും പ്രതീകമായി. ചടങ്ങിൽ ദേശീയഗാനങ്ങൾ, ദേശഭക്തിഗാനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവയും അരങ്ങേറി.

ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസ് ഷിക്കാഗോയുടെ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഓഗസ്റ്റ് 15ന് തിരംഗ കാർ റാലി, ഓഗസ്റ്റ് 16ന് പാട്രിയോട്ടിക് ഗാല, ഓഗസ്റ്റ് 23ന് ഇന്ത്യ ഡേ പരേഡ് എന്നിവയും സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു.

## സൈജൻ കണിയോടിക്കലിന് ഫോമാ ലിറ്ററി എക്സലൻസ് അവാർഡ്



- അലൻ ചെന്നിത്തല

ഹൂസ്റ്റൺ: ഫോമാ സാഹിത്യരംഗത്തെ മികച്ച സംഭാവനകൾക്ക് നൽകുന്ന ഫോമ ലിറ്ററി എക്സലൻസ് അവാർഡ് സൈജൻ കണിയോടിക്കലിന് സമ്മാനിച്ചു.

ഫോമായുടെ ഔദ്യോഗിക ത്രൈമാസ സാഹിത്യ പ്രസിദ്ധീകരണമായ അക്ഷരകേരളംഅതിന്റെ ആരംഭം മുതൽ കഴിഞ്ഞ ആറു വർഷമായി വിജയകരമായി നയിക്കുകയും പ്രവാസി മലയാള സാഹിത്യത്തിന് ശക്തമായ വേദി ഒരുക്കുകയും ചെയ്തതിനുള്ള അംഗീകാരമായാണ് ഈ പുരസ്കാരം.

2020ൽ ആരംഭിച്ച അക്ഷരകേരളം, വളരെ ചുരുങ്ങിയ കാലംകൊണ്ട് അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിനിടയിൽ ശ്രദ്ധേയമായ സാഹിത്യ പ്രസിദ്ധീകരണമായി വളർന്നു. പ്രവാസി എഴുത്തുകാരുടെ സൃഷ്ടികൾക്ക് പ്രാധാന്യം നൽകുന്നതിനൊപ്പം കേരളത്തിലെ പ്രമുഖ സാഹിത്യകാരുടെയും ചിന്തകരുടെയും രചനകൾക്കും പ്രസിദ്ധീകരണത്തിൽ ഇടംനൽകി, ഭൂഖണ്ഡങ്ങൾക്കപ്പുറമുള്ള മലയാള സാഹിത്യലോകത്തെ ഒരേ വേദിയിൽ കൂട്ടിയിണക്കുന്നതിൽ അക്ഷരകേരളം നിർണായക പങ്കുവഹിച്ചു.

ആറുവർഷമായി മാനേജിങ് എഡിറ്റർ എന്ന നിലയിൽ സൈജൻ കണിയോടിക്കലിനോടൊപ്പം തമ്പി ആന്റണി ചീഫ് എഡിറ്ററായും, പ്രിയ ഉണ്ണികൃഷ്ണൻ അസിസ്റ്റന്റ് എഡിറ്ററായും, സണ്ണി കല്ലൂപ്പാറ കണ്ടന്റ് എഡിറ്ററായും, ദേവപ്രകാശ് ചീഫ് ഇല്ലസ്റ്റേറ്ററായും പ്രവർത്തിക്കുന്നു. ഈ കഴിഞ്ഞകാലഘട്ടങ്ങളിൽ സാഹിത്യം, കല, സംസ്കാരം, ചരിത്രം, സാമൂഹിക ചിന്തകൾ, പ്രവാസജീവിതം, യുവതലമുറയുടെ സർഗാത്മക ഇടപെടലുകൾ എന്നിവ ഉൾക്കൊള്ളുന്ന നിലവാരമുള്ള പതിപ്പുകൾ പ്രസിദ്ധീകരിക്കാൻ അക്ഷരകേരളത്തിന് സാധിച്ചുവെന്ന് സംഘാടകർ പറഞ്ഞു.



ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ സംഘടിപ്പിച്ച ആറാമത് ബാഡ്മിന്റൺ ടൂർണമെന്റിൽ നിന്നും.

വാർത്ത ▶ 8

## ഐ.സി.ഇ.സി.എച്ച് ബാഡ്മിന്റൺ ടൂർണമെന്റ് സമാപിച്ചു; ജോർജ് മാത്യുവും ജോജി ജോർജും മെൻസ് ഓപ്പൺ ജേതാക്കൾ

**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ സംഘടിപ്പിച്ച ആറാമത് ബാഡ്മിന്റൺ ടൂർണമെന്റ് ഓഗസ്റ്റ് 1ന് സ്റ്റാഫോർഡിലുള്ള ഹൂസ്റ്റൺ ബാഡ്മിന്റൺ സെന്ററിൽ ആവേശകരമായി നടന്നു. രാവിലെ 8.30ന് ആരംഭിച്ച മത്സരങ്ങൾ വാശിയേറിയ പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് വിജയകരമായി സമാപിച്ചു.

മെൻസ് ഓപ്പൺ, വിമൻസ് ഓപ്പൺ, 50 വയസും അതിൽ കൂടുതലുമുള്ള സീനിയേഴ്സ് (50+) ഡബിൾസ് വിഭാഗങ്ങളിലായി മത്സരങ്ങൾ നടന്നു. വിജയികൾക്ക് എവർ റോളിംഗ് ട്രോഫികളും വ്യക്തിഗത ട്രോഫികളും സമ്മാനിച്ചു. ബെസ്റ്റ് പ്ലെയർ, റൈസിംഗ് സ്റ്റാർ എന്നീ പ്രത്യേക പുരസ്കാരങ്ങളും വിതരണം ചെയ്തു.

ഹൂസ്റ്റണിലെ വിവിധ ക്രൈസ്തവ ഇടവകകളെ പ്രതിനിധീകരിച്ച് 16 ടീമുകളാണ് ടൂർണമെന്റിൽ പങ്കെടുത്തത്.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു മുഖ്യാതിഥിയായി പങ്കെടുത്തു. റവ.ഫാ. എൽദോ പോൾ ജോൺസൻ കല്ലുംമൂട്ടിൽ, ബിജു ചാലക്കൽ, ജോൺസൻ ഉമ്മൻ തുടങ്ങിയവരുടെ സാന്നിദ്ധ്യം ടൂർണമെന്റിനു മാറ്റേകി.

മെൻസ് ഓപ്പണിൽ ജോർജ് മാത്യു, ജോജി ജോർജ് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ചും, മൈക്കിൾ ജോയ്, ഐസക് ജോസഫ് സെന്റ് ജോസഫ് സീറോ മലബാർ കാത്തലിക് ചർച്ച് രണ്ടാം സ്ഥാനവും നേടി.

വിമൻസ് ഓപ്പൺ ജിതിൻ, ബോബി സെന്റ് തോമസ് സി.എസ്.ഐ. ചർച്ച് ഒന്നാം സ്ഥാനവും, ആൻമേരി മാത്യു, അബിഗയിൽ മാത്യു സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച് രണ്ടാം സ്ഥാനവും നേടി.

സീനിയേഴ്സ് (50+) വിഭാഗത്തിൽ സാവിയോ തോമസ്, ബാബു വെണ്ണാലി സെന്റ് ജോസഫ് സീറോ മലബാർ കാത്തലിക് ചർച്ച് ഒന്നാം സ്ഥാനവും, അലാന്റി ജോൺ, മാത്യു ഗിൽബർട്ട് സെന്റ് ജോസഫ് സീറോ മലബാർ കാത്തലിക് ചർച്ച് രണ്ടാം സ്ഥാനവും നേടി.

ഐസക് ജോസഫ്, റോസ് ജോയ്ക്കാണ് റൈസിംഗ് സ്റ്റാർ പുരസ്കാരം.

സ്പോർട്സ് കൺവീനർ ജിനോ ജേക്കബ്, ബാഡ്മിന്റൺ കോർഡിനേറ്റർമാരായ മൈക്കിൾ ജോയ്, ജോജി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

ഐ.സി.ഇസി.എച്ച് പ്രസിഡന്റ് റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ്, വൈസ് പ്രസിഡണ്ട് റവ.ഫാ.ഡോ. ബെന്നി ഫിലിപ്പ്, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ടൂർണമെന്റിന് നേതൃത്വം നൽകിയത്.

ടൂർണമെന്റ് കോർഡിനേറ്റർമാരായിരുന്ന മൈക്കിൾ ജോയ്, ജോജി ജോസഫ് എന്നിവരെ മെമെന്റോ നൽകി ആദരിച്ചു. സെക്രട്ടറി ഷാജൻ ജോർജ് നന്ദി പറഞ്ഞു.

## മോഷണശ്രമം തടയുന്നതിനിടെ ആക്രമണം; ആൽബെർട്ടയിൽ ഇന്ത്യൻ വ്യാപാരി കൊല്ലപ്പെട്ടു

**- പ്രസാദ് തീയാടിക്കൽ**

ആൽബെർട്ട: കാനഡയിലെ ആൽബെർട്ട പ്രവിശ്യയിൽ മോഷണശ്രമം തടയുന്നതിനിടെ ഉണ്ടായ ആക്രമണത്തിൽ ഇന്ത്യൻ വംശജനായ വ്യാപാരി സുഖ്ജിത് സണ്ണിരൺധാവ (48) കൊല്ലപ്പെട്ടു.

എഡ്മണ്ട്ടണിലെ സെൻട്രൽ മേഖലയിലുള്ള കണക്ട് ലിക്കർ സ്റ്റോർ എന്ന മദ്യവിൽപ്പനശാലയുടെ ഉടമയായിരുന്നു രൺധാവ. കഴിഞ്ഞ വ്യാഴാഴ്ച കടയിൽ നടന്നതായി കരുതുന്ന മോഷണശ്രമത്തിനിടെയാണ് അദ്ദേഹത്തിന് നേരെ ആക്രമണമുണ്ടായത്. ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തെ രക്ഷപ്പെടുത്താനായില്ല.

സംഭവത്തിൽ 22കാരനായ നിക്കോളസ് ബട്ലർചോവേസ് എന്നയാളെ പൊലീസ് അറസ്റ്റ് ചെയ്ത് സെക്കന്റ് ഡിഗ്രി മർഡർ കുറ്റം ചുമത്തിയിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് മറ്റ് പ്രതികളെ നിലവിൽ പൊലീസ് അന്വേഷിക്കുന്നില്ലെന്നും അന്വേഷണം തുടരുകയാണെന്നും അധികൃതർ അറിയിച്ചു.

വർഷങ്ങളായി പ്രദേശത്ത് വ്യാപാരം നടത്തിയിരുന്ന രൺധാവയെ സൗഹൃദപരവും സമൂഹവുമായി അടുത്ത ബന്ധം പുലർത്തിയ വ്യക്തിയുമായാണ് പ്രദേശവാസികൾ വിശേഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ മരണത്തിൽ അനുശോചിച്ച് കടയ്ക്ക് മുന്നിൽ പൂക്കളും അനുശോചന സന്ദേശങ്ങളും അർപ്പിച്ച് നിരവധി പേർ എത്തി.

**Raksha Bandhan** (August 28)

This popular Hindu festival is celebrated mainly in India to honour the sacred bond between siblings. Sisters adorn their brothers' hands with strings, and the brothers promise to protect their sisters for the rest of their lives.

**National Sports Day** (August 29)

This day is celebrated in India in order to mark the birthday of the wonderful hockey player, Major Dhyan Chand. This helps in creating a lot of awareness about the importance of being physically fit and the value of sports.

## മോർ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവയ്ക്ക് സ്വീകരണം നൽകി



**- പി.പി. ചെറിയാൻ**

ഡാലസ്: ഡാലസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ, അമേരിക്കയിലെത്തിയ യാക്കോബായ സുറിയാനി സഭയുടെ ആബൂൻ മോർ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവയ്ക്ക് ഡാലസ് എയർപോർട്ടിൽ സ്വീകരണം നൽകി.

വിമാനത്താവളത്തിലെത്തിയ ബാവതിരുമേനിയെ വൈദികരും ഇടവക ഭാരവാഹികളും വിശ്വാസികളും ചേർന്നു സ്വീകരിച്ചു. റവ.ഫാ. പോൾ തോട്ടയ്ക്കാട്ട്, റവ.ഫാ.ബേസിൽ എബ്രഹാം, റവ.ഫാ. മാർട്ടിൻ ബാബു, റവ.ഫാ.വർഗീസ് മാളിൽ, ജോസഫ് ജോർജ് (ട്രസ്റ്റി), എൽദോ മാത്യു (സെക്രട്ടറി), കമാൻഡർ വർഗീസ് ചാമത്തിൽ, കമാൻഡർ ബാബു വടക്കേടത്ത്, അലക്സ് ജോർജ്, അച്ചു ഫിലിപ്പോസ്, ജോർജ് കരുത്തേടത്ത്, പി. സി. വർഗീസ്, ബാബു സി. മാത്യു, സോണി ജേക്കബ്, ജെയിംസ് മാത്യു, ജോൺസി വർഗീസ്, ബേബി പുരയ്ക്കൽ, സണ്ണി കാട്ടുവെട്ടിക്കൽ, ടിജോ ചാണ്ടി, പൗലോസ് വർക്കി, ആദർശ് എൽദോ, ഉണ്ണി വർഗീസ്, ഓമന ചാമത്തിൽ, അന്നമ്മ ബാബു, ടി.സി ചാക്കോ എന്നിവരും സ്വീകരണ ചടങ്ങിൽ സംബന്ധിച്ചു.

## ഡാളസ് കേരള അസോസിയേഷൻ മേയർ വി.വി. രാജേഷിന് സ്വീകരണം നൽകി




**- പി പി ചെറിയാൻ**

ഡാളസ്: ഡാളസ് സന്ദർശിക്കുന്ന തിരുവനന്തപുരം മേയർ വി.വി.രാജേഷിനും, കേരള ഗവർണറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി പി. ശ്രീകുമാറിനും കേരള അസോസിയേഷൻ ഓഫ് ഡാളസ് സ്വീകരണം നൽകി.

ഓഗസ്റ്റ് 5 ബുധനാഴ്ച വൈകുന്നേരം 5.30ന് ഗാർലാന്റിലുള്ള കേരള അസോസിയേഷൻ ഹാളിൽ അസോസിയേഷൻ പ്രസിഡന്റ് ഷിജു എബ്രഹാമിന്റെ അധ്യക്ഷതയിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ഈ സ്വീകരണ സമ്മേളനത്തിൽ അസോസിയേഷൻ ഭാരവാഹികളും ഡോ.എം വി പിള്ളൈ, സണ്ണിവെയ്ൽ മേയർ സജി ജോർജ്, കൗൺസിലർ മനു ഡാനി, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ് സണ്ണി മാളിയേക്കൽ, അനിൽ ആറന്മുള (ഹൂസ്റ്റൺ) ഉൾപ്പെടെ നിരവധി പ്രവാസി മലയാളികളും പങ്കെടുത്തു. ചടങ്ങിൽ ഇരു വിശിഷ്ടാതിഥികളെയും ഡോ. എംവി പിള്ളൈ സദസ്സിനു പരിചയപ്പെടുത്തി. തുടർന്ന് അസോസിയേഷൻ നേതാക്കൾ ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു. ഡാളസിലെ മലയാളി സമൂഹത്തിന് നൽകിയ ഊഷ്മള സ്വീകരണത്തിന് വിശിഷ്ടാതിഥികൾ നന്ദി അറിയിക്കുകയും ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു.

ഇന്ത്യ കൾച്ചറൽ ആന്റ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ് മാത്യു നൈനാൻ, ദീപക് നായർ ,ഷിബു ജോൺ, കൈനിക്കര ജോർജ്, പ്രദീപ് നാഗനൂലിൽ, ബോബൻ കൊടുവത്തു എന്നിവരും സംഘടനയുടെ മറ്റ് പ്രമുഖ ഭാരവാഹികളും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി. ഡാളസിലെ പ്രാദേശിക മലയാളി സമൂഹത്തിന്റെ സജീവ പങ്കാളിത്തം കൊണ്ട് ചടങ്ങ് ഏറെ ശ്രദ്ധേയമായി. സെക്രട്ടറി തോമസ് ഈശോ നന്ദി പറഞ്ഞു.

## ഫോമാ 2026 കൺവെൻഷൻ 56 ടൂർണമെന്റ്: ഫിലഡൽഫിയ ടീം ചാമ്പ്യൻമാരായി



**- സുമോദ് തോമസ് നെല്ലിക്കാല**

ഹൂസ്റ്റൺ : ഫോമാ 2026 ഹൂസ്റ്റൺ കൺവെൻഷന്റെ ഭാഗമായി സംഘടിപ്പിച്ച 56 ടൂർണമെന്റ് ആവേശകരമായ മത്സരങ്ങൾക്ക് സാക്ഷ്യം വഹിച്ചു. നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ടീമുകൾ പങ്കെടുത്ത ടൂർണമെന്റിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഫിലഡൽഫിയ ടീമിന്റെ ക്യാപ്റ്റൻ സാബു സ്കറിയായും സംഘവും ചാമ്പ്യൻമാരായി കിരീടം സ്വന്തമാക്കി. ▶ 11

## ആകാശത്തുവെച്ച് വിമാനത്തിന്റെ വാതിൽ തുറക്കാൻ ശ്രമം; മലയാളി യുവാവ് അറസ്റ്റിൽ

കൊച്ചി: മലേഷ്യയിൽനിന്ന് കൊച്ചിയിലേക്ക് പറക്കുന്നതിനിടെ ആകാശത്തുവെച്ച് വിമാനത്തിന്റെ എമർജൻസി വാതിൽ തുറക്കാൻ ശ്രമിച്ച മലയാളി യുവാവ് അറസ്റ്റിൽ. പാലക്കാട് സ്വദേശി ജംഷീർ (36) എന്ന യുവാവാണ് അറസ്റ്റിലായത്.

വിമാനത്തിന്റെ വിൻഡോ പാനൽ കേടുവരുത്തുകയും എമർജൻസി വാതിൽ തുറക്കാൻ ശ്രമിക്കുകയുമായിരുന്നു. ഇയാളെ മറ്റു യാത്രക്കാർ തടഞ്ഞതിനാൽ വൻ അപകടം ഒഴിവായി. ബുധനാഴ്ച രാത്രി ക്വലാലംപൂരിൽനിന്ന് കൊച്ചിയിലേക്ക് വന്ന ബാട്ടിക് എയർലൈൻസിന്റെ വിമാനത്തിലാണ് സംഭവം. ഇരിപ്പിടത്തിനോട് ചേർന്ന വിൻഡോയുടെ പാനലാണ് ജംഷീർ തകർത്തത്.

വിൻഡോക്ക് പല പാളികൾ ഉള്ളതിനാൽ അപകടമുണ്ടായില്ല. തുടർന്ന് ഇയാൾ എമർജൻസി വാതിൽ തുറക്കാൻ ശ്രമിച്ചു. ഇത് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് സഹയാത്രികർ യുവാവിനെ തടഞ്ഞുവെച്ചത്. ലാൻഡിങ്ങിന് അര മണിക്കൂർ മാത്രം ബാക്കി നിൽക്കെയാണ് യുവാവിന്റെ പരാക്രമം. രാത്രി 9.30നും 11.05നും ഇടയിൽ വിമാനം പറക്കുന്നതിനിടെയായിരുന്നു സംഭവം. ഒഡി 231 നമ്പർ വിമാനത്തിലെ സീറ്റ് നമ്പർ 12 എയിൽ യാത്ര ചെയ്യുകയായിരുന്നു ജംഷീർ. പെട്ടെന്ന് ഇയാൾ വിമാനത്തിന്റെ എമർജൻസി എക്സിറ്റ് ഡോർ ബലമായി തുറക്കാൻ ശ്രമിക്കുകയും എമർജൻസി വിൻഡോ പാനൽ അടിച്ചു തകർക്കുകയുമായിരുന്നു എന്ന് നെടുമ്പാശേരി പൊലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പറയുന്നു.

ഇത് തടയാൻ ശ്രമിച്ച വിമാനത്തിലെ മറ്റ് യാത്രക്കാരെയും ക്യാബിൻ ക്രൂവിനെയും ഇയാൾ ഭീഷണിപ്പെടുത്തിയെന്നും എഫ്.ഐ.ആറിലുണ്ട്. ക്യാബിൻ ക്രൂവും സഹയാത്രികരും ചേർന്നാണ് ഇയാളെ തടഞ്ഞുവെച്ചത്. പിന്നീട് സി.ഐ.എസ്.എഫിനെ ഏൽപിച്ചു. വിമാനത്തിനുള്ളിൽനിന്നുള്ള വിഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നു. വിമാനം കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ എത്തിയതിനു പിന്നാലെ ബാട്ടിക് എയർലൈൻസ് സെക്യൂരിറ്റി ഇൻചാർജ് ബിന്ദു മോഹൻ നായർ പരാതി നൽകി.

ഈ പരാതിയുടെ അടിസ്ഥാനത്തിലാണ് നെടുമ്പാശേരി പൊലീസ് കേസെടുത്തത്.

## ഓസ്റ്റിൻ മാർത്തോമാ ദേവാലയത്തിൽ സംഗീത ധ്യാനം ശ്രദ്ധേയമായി

**- ജീമോൻ റാന്നി**

ടെക്സാസ്: ഓസ്റ്റിൻ മാർത്തോമാ ദേവാലയത്തിൽ സംഘടിപ്പിച്ച ഗായകസംഘത്തിന്റെ ആത്മീയ ശുശ്രൂഷാ ക്യാമ്പിന്റെ ഭാഗമായി നടന്ന സംഗീത ധ്യാനംപങ്കെടുത്തവർക്ക് വേറിട്ട ആത്മീയ അനുഭവമായി.

പ്രശസ്ത സംഗീതസംവിധായകനും വേൾഡ് പീസ് മിഷൻ സ്ഥാപക ചെയർമാനുമായ ഡോ.സണ്ണി സ്റ്റീഫൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. ദൈവവചനവും സംഗീതവും സമന്വയിപ്പിച്ച ധ്യാനരീതിയിലൂടെ വിശ്വാസജീവിതത്തെ കൂടുതൽ ആഴത്തിലാക്കുന്നതിനും സംഗീതത്തെ ദൈവാരാധനയുടെ ശക്തമായ ശുശ്രൂഷയായി തിരിച്ചറിയുന്നതിനും അദ്ദേഹം ആഹ്വാനം ചെയ്തു.

ഗാനങ്ങൾ, ബൈബിൾ അധ്യയനങ്ങൾ, ആത്മീയ ചിന്തകൾ, സംഗീതധ്യാനം എന്നിവ ഉൾക്കൊള്ളുന്ന സെഷനുകളിൽ ഗായകസംഘാംഗങ്ങൾ സജീവമായി പങ്കെടുത്തു. സംഗീതം വെറും കലാപ്രകടനമല്ല, ദൈവമഹത്വത്തിനായുള്ള സമർപ്പിത ശുശ്രൂഷയും സുവിശേഷത്തിന്റെ ശക്തമായ സാക്ഷ്യവുമാണെന്ന് ഡോ.സണ്ണി സ്റ്റീഫൻ ഓർമ്മിപ്പിച്ചു.

ഗായകസംഘാംഗങ്ങൾ ആത്മീയ വിശുദ്ധിയോടും സംഗീത മികവോടും കൂടെ ആരാധനയെ നയിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. സംഗീതത്തിലൂടെ മനസ്സിനും ആത്മാവിനും നവോന്മേഷം പകരുന്ന ഈ ധ്യാനപരിപാടി പങ്കെടുത്തവർക്ക് ഏറെ പ്രചോദനവും ആത്മീയ ഉണർവും സമ്മാനിച്ചതായി അവർ അഭിപ്രായപ്പെട്ടു.

ഇടവക വികാരിയുടെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ഗായകസംഘ ക്യാമ്പിൽ ആരാധന, പ്രാർത്ഥന, സംഗീതപരിശീലനം, ആത്മീയ പഠനം, കൂട്ടായ്മ എന്നിവയും നടന്നു. വിശ്വാസത്തിലും സംഗീതശുശ്രൂഷയിലും കൂടുതൽ വളർച്ച ലക്ഷ്യമിട്ട ഈ പരിപാടി ഓസ്റ്റിൻ മാർത്തോമാ ദേവാലയത്തിന്റെ ആരാധനാ ശുശ്രൂഷയ്ക്ക് പുതിയ ആത്മീയ ഉണർവ് പകർന്നതായി വികാരി റവ.കോശി കുര്യൻ അറിയിച്ചു.

"Life’s only nod to fairness was the blindness with which it dealt unfair blows."
*-Kate Morton, The Clockmaker's Daughter*

"She hadn't realized how long it takes to become somebody else, or how lonely it can be living in a world not meant for you."
*-Brit Bennett, The Vanishing Half*

"We are what we pretend to be, so we must be careful about what we pretend to be."
*- Kurt Vonnegut, Mother Night*

"We were the people who were not in the papers. We lived in the blank white spaces at the edges of print. It gave us more freedom. We lived in the gaps between the stories."
*-Margaret Atwood, The Handmaid's Tale*

## ലോസ് ആഞ്ചലസിൽ ഇസ്കോൺ സുവർണ്ണ ജൂബിലി രഥയാത്ര ആഘോഷിച്ചു



**- പി പി ചെറിയാൻ**

ലോസ് ആഞ്ചലസ്: ദക്ഷിണ കലിഫോർണിയയിലെ ഏറ്റവും പഴക്കമേറിയ ഇന്ത്യൻ സാംസ്കാരിക ഉത്സവങ്ങളിലൊന്നായ ഇസ്കോൺ ന്യൂ ദ്വാരകയുടെ 50-ാമത് വാർഷിക രഥയാത്ര ആഗസ്റ്റ് 2ന് വിപുലമായി ആഘോഷിച്ചു. സാന്താമോണിക്കയിലും വെനീസിലുമായി നടന്ന ചടങ്ങിൽ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ഭക്തർ പങ്കെടുത്തു.

ജഗന്നാഥൻ, ബലഭദ്രൻ, സുഭദ്ര എന്നിവരുടെ ഭീമാകാരമായ രഥങ്ങൾ വലിച്ചുകൊണ്ട് ഭക്തർ വെനീസ് ബോർഡ്വോക്കിലേക്ക് നടത്തിയ പ്രകടനം ശ്രദ്ധേയമായി.

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കാലിഫോർണിയ നിയമസഭയും സാന്താമോണിക്ക നഗരസഭയും പ്രത്യേക പ്രശംസാപത്രങ്ങൾ നൽകി ആദരിച്ചു. ലോസ് ആഞ്ചലസിലെ ഇന്ത്യൻ കോൺസൽ ജനറൽ ഡോ. കെ.ജെ. ശ്രീനിവാസൻ മുഖ്യാതിഥിയായി പങ്കെടുത്തു.

വേദമന്ത്രോച്ചാരണങ്ങൾ, ഭരതനാട്യം, യോഗ പ്രകടനങ്ങൾ, ഹരേ കൃഷ്ണ സങ്കീർത്തനങ്ങൾ എന്നിവയോടൊപ്പം ഏഴായിരത്തോളം പേർക്ക് സൗജന്യ പ്രസാദവും വിതരണം ചെയ്തു.

## മാർത്തോമാ ചർച്ച് ഓഫ് ഡാളസിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു



**- ജീമോൻ റാന്നി**

ഡാളസ്: ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമാ ചർച്ച് ഓഫ് ഡാളസിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു.

മൂന്ന് ദിവസങ്ങളിലായി നടന്ന സമാപന പരിപാടികൾക്കും ഓഗസ്റ്റ് 1 ശനിയാഴ്ച നടന്ന പൊതുസമ്മേളനത്തിനും മാർത്തോമാ സഭയുടെ പരമാധ്യക്ഷൻ മോസ്റ്റ് റവ. ഡോ.തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത മുഖ്യ അതിഥിയായിരുന്നു.

പൊതുസമ്മേളനം ഗായക സംഘത്തിന്റെ നേതൃത്വത്തിൽ അമേരിക്കൻ ഇന്ത്യൻ ദേശീയ ഗാനങ്ങളോടെ ആരംഭിച്ചു. അസി.വികാരി റവ.ജെസ്വിൻ ജോണിന്റെ പ്രാരംഭ പ്രാർത്ഥനയ്ക്ക് ശേഷം ഇടവക സെക്രട്ടറി ഡെന്നിസ് കുര്യൻ സ്വാഗതം ആശംസിച്ചു.

ഇടവക ഗായകസംഘം ജൂബിലി ഗാനം ആലപിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ മുഖ്യ സന്ദേശത്തിലൂടെ ഇടവകയുടെ 50 വർഷത്തെ വിശ്വാസയാത്രയിൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്കായി നന്ദി അർപ്പിച്ചു. അപരിചിതമായ നാട്ടിലേക്ക് കടന്നുവന്ന് വിശ്വാസവും ആരാധനാ പാരമ്പര്യവും കാത്തുസൂക്ഷിച്ച ആദ്യകാല തലമുറയുടെ ത്യാഗങ്ങളെ അദ്ദേഹം അനുസ്മരിച്ചു.

ബസ്തർ മിഷൻ, കനവ് പ്രോജക്ട്, ഭവന നിർമ്മാണം തുടങ്ങി ഇടവക ഏറ്റെടുത്ത ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രശംസിച്ച മെത്രാപ്പോലീത്ത ആദ്യ തലമുറ ത്യാഗം കൊണ്ട് സഭ പണിതുവെങ്കിൽ, നിലവിലെ തലമുറ ലക്ഷ്യബോധമുള്ള ശിഷ്യത്വത്തിലൂടെ അടുത്ത തലമുറയെ ആത്മീയമായി കെട്ടിപ്പടുക്കണമെന്ന് ആഹ്വാനം ചെയ്തു. കഴിഞ്ഞ 50 വർഷം നടീലിന്റെ സമയമായിരുന്നുവെങ്കിൽ, വരും 50 വർഷം ദൈവരാജ്യ ദൗത്യത്തിന്റെവർദ്ധനവിന്റേതായിരിക്കണം എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഭദ്രാസനാധിപൻ റൈറ്റ് റവ.ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ വീഡിയോ സന്ദേശത്തിലൂടെ ജൂബിലി ആശംസകൾ അറിയിച്ചു.

ഇടവക വികാരി റവ.എബ്രഹാം വി.സാംസൺ ആമുഖ പ്രഭാഷണം നടത്തുകയും, ജൂബിലി കൺവീനർ എബി തോമസ് ജൂബിലി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ചടങ്ങിൽ ഫാർമേഴ്സ് ബ്രാഞ്ച് പ്രോടെം മേയർ ഡേവിഡ് റീഡ്, ഫയർ ചീഫ് ഡാനിയൽ ലാറ്റിമർ എന്നിവർ അതിഥികളായിരുന്നു.

ഡാളസിലെ എക്യുമെനിക്കൽ സഭകളെ പ്രതിനിധീകരിച്ച് റവ.ഫാ.ബിനു തോമസും, ഡാളസിലെ മാർത്തോമാ ഇടവകകളെ പ്രതിനിധീകരിച്ച് റവ.ജസ്റ്റിൻ പാപ്പച്ചനും ആശംസാ പ്രസംഗങ്ങൾ നിർവഹിച്ചു. ഇടവകയിൽ നിന്നും ഉള്ള പട്ടക്കാരായ റവ.അലക്സ് കോലോത്ത്, റവ.ക്രിസ് ഡാനിയൽ, റവ.അരുൺ വർഗീസ് എന്നിവരും ആശംസകൾ അർപ്പിച്ചു.

ചടങ്ങിൽ ജൂബിലി സൂവനീർ പ്രകാശനം എബി ജോർജ്, ജോബി ജോൺ, സാമുവൽ യോഹന്നാൻ എന്നിവർ ചേർന്ന് റവ.റോയ് എ തോമസിന് നൽകി നിർവ്വഹിച്ചു. ജൂബിലി ഗാനമത്സര വിജയിയായ ജോർജ് വർഗീസിനും (ജയൻ), ജൂബിലി ലോഗോ ഡിസൈൻ ചെയ്ത ജയ്ഡൺ എബ്രഹാം, നോഹ ഡാനിയൽ എന്നിവർക്കും മെത്രാപ്പോലീത്ത പുരസ്കാരങ്ങൾ വിതരണം ചെയ്തു.

ട്രസ്റ്റി അലക്സ് ചാക്കോ നന്ദിയും, വൈസ് പ്രസിഡന്റ് ജോൺ സി. മാത്യു സമാപന പ്രാർത്ഥനയും നിർവ്വഹിച്ച യോഗം മെത്രാപ്പോലീത്തയുടെ ആശീർവാദത്തോടെ സമാപിച്ചു.

ഓഗസ്റ്റ് 2 ഞായറാഴ്ച മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയോടുകൂടി മാർത്തോമാ ചർച്ച് ഓഫ് ഡാളസ് (ഫാർമേഴ്സ് ബ്രാഞ്ച്) ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്ക് സമാപനമായി.

# ലാനാ റീജണൽ കൺവെൻഷന് സെപ്റ്റംബർ 25ന് തുടക്കം

– നിർമല ജോസഫ്



ന്യൂയോർക്ക്: ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) യുടെ ഈ വർഷത്തെ റീജണൽ കൺവെൻഷൻ സെപ്റ്റംബർ 25 മുതൽ 27 വരെ വെർജീനിയ ലീസ്ബർഗ് കാരഡോക് ഹാൾ ഹോട്ടലിലാണ് നടക്കും.

അമേരിക്കയിലും കാനഡയിലുമുള്ള മലയാള സാഹിത്യ സ്നേഹികളും എഴുത്തുകാരും ആകാംഷയോടെ കാത്തിരുന്നു പങ്കെടുക്കുന്ന ഈ കൂട്ടായ്മയിൽ, കേരളത്തിലെ പ്രശസ്ത എഴുത്തുകാരായ പോൾ സക്കറിയയും, വി.ജെ. ജെയിംസും പങ്കെടുക്കും.

ഈയിടെ അന്തരിച്ച, ലാനയുടെ ആദ്യകാല ഭാരവാഹികളിലൊരാളും പ്രശസ്ത സാഹിത്യകാരനുമായ ജോർജ് മണ്ണിക്കരോട്ടിനോടുള്ള ആദരസൂചകമായിജോർജ് മണ്ണിക്കരോട്ട് നഗർഎന്ന് സമ്മേളനവേദിക്ക് പേരിട്ടു.

സെപ്തംബർ 25നു വൈകിട്ട് 3ന് തുടങ്ങുന്ന ഈ സാഹിത്യ സൗഹൃദ സമ്മേളനം നിരവധി അക്ഷരസ്നേഹികളുടെ സാന്നിദ്ധ്യത്താൽ സമ്പന്നമായിരിക്കും. എഴുത്തിലെ പുതുവഴികൾ വെളിപ്പെടുത്തിയും, പഴമയുടെ മാറ്റുരച്ചും നടക്കുന്ന സാഹിത്യ ചർച്ചകളും സംവാദങ്ങളും ഓരോ എഴുത്തുകാർ ക്കും പുതിയകാഴ്ച്ചപ്പാടുകൾ നൽകുന്നവയാണ്. അതോടൊപ്പം സ്വയംവിമർശനത്തിന്റെയും പാകപ്പെടുത്തലിന്റെയും ഒരവസരം കൂടിയാണ്.

സക്കറിയയെയും, വി.ജെ.ജെയിംസിനെയും പോലുള്ള എഴുത്തുകാരുടെ സർഗ്ഗാത്മകാനുഭവങ്ങൾ, അവരുടെ ചിന്താധാരയും എഴുത്തുവഴികളും ഇവിടുള്ള എഴുത്തുകാർക്ക് പ്രയോജനപ്രദമായിരിക്കും.

എഴുത്തിന്റെ ബൗദ്ധിക വഴികളിൽ കൈപിടിക്കാൻ, പ്രോത്സാഹിപ്പിക്കാൻ, തിരുത്താൻ, സർവ്വോപരി അപരനെ മനസ്സിലാക്കി സ്നേഹിതനായി കരുതാൻ കഴിയുന്നൊരിടം. അക്ഷരങ്ങളെ സ്നേഹിക്കുന്ന, എഴുത്തിനെ ആരാധിക്കുന്ന ഓരോ എഴുത്തുകാരെയും, സാഹിത്യ സ്നേഹികളെയും ഈ നല്ല നിമിഷങ്ങളിലേക്ക് ലാനാ പ്രസിഡന്റ് സാമുവൽ യോഹന്നാനും, സെക്രട്ടറി നിർമ്മല ജോസഫും മറ്റു ലാനാ ഭാരവാഹികളും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

വേണുഗോപാലൻ കൊക്കോടൻ (കൺവൻഷൻ കമ്മറ്റി ചെയർമാൻ), ഷിനോ കുര്യൻ (കൺവൻഷൻ കമ്മറ്റി കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ ലാനാ റീജണൽ കൺവൻഷൻ കമ്മറ്റി ഇതിനായി പ്രവർത്തിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ശാമുവേൽ യോഹന്നാൻ (ലാന പ്രസിഡന്റ് +1 214 435 0124), നിർമല ജോസഫ് (സെക്രട്ടറി +1 347 204 0062).

## ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ഓണാഘോഷം 23ന്

**– ശങ്കരൻകുട്ടി ഹൂസ്റ്റൻ**

ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ഓണാഘോഷം ആഗസ്റ്റ് 23 ഞായറാഴ്ച 10 മണി മുതൽ റോസൻബെർഗ് എപിക് സെന്ററിൽ നടക്കുമെന്ന് പ്രസിഡന്റ് ഡോ.രാംദാസ് അറിയിച്ചു.

നളപാചക വിദഗ്ധൻ തൃശൂർ അംബി സ്വാമിയാണ് സദ്യ ഒരുക്കുന്നത്. ടെക്സസ്സിലെ ഡാൻസ് സ്കൂളുകൾ നടനവിസ്മയം തീർക്കാൻ പരിശീലിച്ചു കൊണ്ടിരിക്കുന്നു.

തെയ്യം, തിരുവാതിര, പുലികളി, ചെണ്ടമേളം, കുച്ചിപ്പുടി, ഒപ്പന എന്നിവ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന കലാപരിപാടികൾ മലയാളികളുടെ ഓർമ്മകളിൽ പതിയുന്ന അനുഭവമാകും. ഹൂസ്റ്റണിലെ കൗണ്ടി ഓഫീസർമാർ കൗൺസിലെറ് ഓഫിസേഴ്സ് മറ്റു കലാ സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുക്കുന്ന പൊതുസമ്മേളനവും അകക്കണ്ണ് തുറപ്പിക്കുന്ന ആകർഷണമാണ് എന്ന് മുഖ്യ പ്രോഗ്രാം കോഓർഡിനേറ്റർ സുനിൽ നായർ അറിയിച്ചു.

അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും പാരമ്പര്യവും ഒരുമയോടെ ഒത്തുചേർന്ന് ആഘോഷിക്കുന്ന ഒരു പ്രധാന സാംസ്കാരിക വേദിയായി ഈ പൊന്നോണം ഹൂസ്റ്റോണം മാറുമെന്ന് പ്രസിഡന്റ് ഡോ. രാംദാസ് മാധ്യമങ്ങളോട് പറഞ്ഞു.

"Life seems but a quick succession of busy nothings."
*-Jane Austen, Mansfield Park*

"Life is every bit as devious as Death. It too can wear a hooded coat. It too can slip into town, lurk in an alley, or wait in the back of a tavern."
*-Amor Towles, A Gentleman in Moscow*

# ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 210 വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു




ബ്രൂക്ക്ലിൻ: ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ നേതൃത്വത്തിൽ ബ്രൂക്ക്ലിനിലെ ബ്ലസ്ഡ് സാക്രമെന്റ് ചർച്ചിൽ സംഘടിപ്പിച്ച ബാക്ക് ടു സ്കൂൾ പ്രോഗ്രാം പദ്ധതിയിൽ 210 വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ വിതരണം ചെയ്തു.

എ ആർട്ട് ലവേഴ്സ് ഓഫ് അമേരിക്ക (അല), ലിവ് ഓൺ ന്യൂയോർക്ക് എന്നീ സംഘടനകളും ഈ സാമൂഹിക സേവന പദ്ധതിയിൽ പങ്കാളികളായി.

ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുതിയ മുഖവും പുതിയ ഭാവവും നൽകിയ ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക, ഇന്ത്യയിൽ തുടരുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഒപ്പം തന്നെ ന്യൂയോർക്കിലും കഷ്ടപ്പെടുന്ന ഒട്ടനവധി ആളുകൾ ഉണ്ടെന്നു തിരിച്ചറിഞ്ഞ് അവരെ സഹായിക്കുവാൻഅലയുടെയും ലിവ് ഓൺ ന്യൂയോർക്കിന്റെയും സഹകരണത്തോടെ രംഗത്തു വരികയായിരുന്നു.

പദ്ധതിയുടെ ഭാഗമായി 210 സമ്പൂർണ്ണ സ്കൂൾ പഠനസാമഗ്രി കിറ്റുകൾ അർഹരായ വിദ്യാർത്ഥികൾക്ക് പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലിന്റെയും ട്രസ്റ്റീ ബോർഡ് ചെയർമാൻ ആന്റോ വർക്കിയുടെയും നേതൃത്വത്തിൽ വിതരണം ചെയ്തു.

ഇന്ത്യൻ സമൂഹത്തിന്റെ മികച്ച പങ്കാളിത്തവും സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ പരിശ്രമവും ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ കൂട്ടായ നേതൃത്വവുമാണ് ഈ പദ്ധതി ഗംഭീര വിജയമാക്കി തീർത്തതെന്നു പ്രസിഡന്റ് ജോസഫ് മാത്യു അഭിപ്രായപ്പെട്ടു.

അമേരിക്കയിൽ സാധാരണക്കാരും പട്ടിണി അനുഭവിക്കുന്നവരും ഇല്ലെന്നാണ് നമ്മുടെ പൊതു ധാരണയെങ്കിലും, അങ്ങനെയല്ലെന്നും അത് സമൂഹത്തിന്റെ ഉപരിപ്ലവമായ ചിന്തയാണെന്നും സിറ്റി ഏരിയകളിൽ ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടുന്ന ഒട്ടനേകം പേരുണ്ടെന്നും പരിപാടി ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് ബ്ലെസ്ഡ് സാക്രമെന്റ് ചർച്ച് അസോസിയേറ്റ് വികാരി ഫാ.ജോണി ചെങ്ങളാൻ സി എംഐ അഭിപ്രായപ്പെട്ടു. ഒട്ടനവധി സാധുക്കളും സിംഗിൾ പേരന്റ്സും ഉള്ള തന്റെ ഇടവക തന്നെ ഇങ്ങനെയൊരു സാമൂഹിക പദ്ധതിക്ക് തെരെഞ്ഞെടുത്തതിൽ ഇന്ത്യാ കാത്തലിക് അസോസിയേഷൻ പ്രവർത്തകരോട് നന്ദിയുണ്ടെന്നും ജോണി അച്ചൻ അറിയിച്ചു. ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ഈ നല്ല മാതൃക മറ്റുള്ള സംഘടനകൾക്കും പ്രചോദനമാവട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ചിറമേൽ അച്ചന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ അമേരിക്കൻ അംബാസിഡർ ആയിട്ടുള്ള ഇന്ത്യാ കാത്തലിക് അസോസിയേഷൻ കഴിഞ്ഞ കുറെ വർഷങ്ങളായി നാട്ടിൽ വിപുലമായ ചാരിറ്റി പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നത്. കഴിഞ്ഞ ഒരു വർഷം തന്നെ പത്തനംതിട്ടയിലെ ചുങ്കപ്പാറയിലും കോട്ടയത്തെ കുറവിലങ്ങാട്ടിലും ഓരോ വീടുകൾ പൂർത്തീകരിക്കുവാൻ ഇന്ത്യാ കാത്തലിക് അസോസിയേഷന് സാധിച്ചു. അമേരിക്കയിൽ ഇത്രയും വലിയൊരു സാമൂഹിക പദ്ധതിയിൽ അസോസിയേഷൻ ആദ്യമായി പങ്കാളികൾ ആകുന്നതിൽ ചെയർമാൻ എന്ന നിലയിൽ അതീവ സന്തുഷ്ടനാണെന്നും ആന്റോ വർക്കി അറിയിച്ചു.

പുതിയ അധ്യയന വർഷം ആത്മവിശ്വാസത്തോടെയും പ്രത്യാശയോടെയും ആരംഭിക്കാൻ ഈ പദ്ധതി കുട്ടികൾക്ക് വലിയ പ്രചോദനമാകുമെന്നും ആന്റോ പ്രത്യാശിച്ചു.

പദ്ധതിയുടെ വിജയത്തിനായി സാമ്പത്തിക പിന്തുണ നൽകിയ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ ആന്റോ വർക്കി കണ്ണാടൻ, എക്സ് ഒഫീഷ്യോ റോയ് ആന്റണി, ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗം ലിജോ ജോൺ എന്നിവരോടുള്ള നന്ദി ഭാരവാഹികൾ അറിയിച്ചു.

സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ, വൈസ് പ്രസിഡന്റ് തോമസ് പ്രകാശ്, ട്രഷറർ ജോർജ് തോമസ്, ട്രസ്റ്റി ബോർഡ് അംഗങ്ങളായ ജോസ് മലയിൽ, മേരി ഫിലിപ്പ്, ജോൺ കെ.ജോർജ്, ജോയിന്റ് സെക്രട്ടറി മാത്യു ജോസഫ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ടോണി നമ്പിയാപറമ്പിൽ, ഓഡിറ്റർ സ്വപ്ന മലയിൽ, രാജു ജോർജ്, ജോയ് ജോർജ് ഫിലിപ്പ്, സ്കറിയ അഗസ്റ്റിൻ, ആന്റോ പോൾ, മേഴ്സി മാത്യു, ജീന ജെയിംസ് എന്നിവരുടെ സേവനവും സംഘാടനാ മികവും പരിപാടിയുടെ വിജയത്തിൽ നിർണായകമായി.

പരിപാടിക്ക് വേദിയും എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകിയ ബ്രൂക്ക്ലിൻ ബ്ലസ്ഡ് സാക്രമെന്റ് ചർച്ച് സമൂഹത്തിനും, അസോ സിയേറ്റ് വികാരി റവ. ഫാ.ജോണി ചെങ്ങളാനും സന്നദ്ധ പ്രവർത്തകർക്കായി പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും സ്നേഹപൂർവ്വം ഒരുക്കുകയും ആത്മീയ പിന്തുണ നൽകിയതിനും സെക്രട്ടറി ജെയിംസ് ഇളമ്പുരയിടം നന്ദി പറഞ്ഞു.

## മാപ്പ് ഇൻഡിപെൻഡൻസ് ഡേ സെലിബ്രേഷനും ഓണാഘോഷവും 15ന്




**– സജു വർഗീസ്**

ഫിലഡൽഫിയ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലോഡൽഫിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇന്ത്യയുടെ 80-ാമത് സ്വാതന്ത്ര്യ ദിനാഘോഷവും, ഓണാഘോഷവും ഏറ്റവും വിപുലവും ▶11

# ഫോമാ 2026 കൺവെൻഷൻ 56 ടൂർണമെന്റ്

ചാമ്പ്യൻ ടീമിൽ സാബു സ്കറിയാ (ക്യാപ്റ്റൻ), ജോൺസൺ മാത്യു, മാത്യു പി.കോര എന്നിവർ അംഗങ്ങളായിരുന്നു. തുടക്കം മുതൽ മികച്ച ഏകോപനവും ആത്മവിശ്വാസവും പ്രകടിപ്പിച്ച ഇവർ ഫൈനലിൽ മികവ് തെളിയിച്ചാണ് കിരീടം നേടിയത്.

ഒന്നാം റണ്ണറപ്പായി ഹൂസ്റ്റൺ ടീമിന്റെ ജോസഫ് ഇല്ലിക്കാട്ടിൽ (ക്യാപ്റ്റൻ), തോമസ് ഐക്കരെത്ത്, സജി പള്ളിക്കിഴക്കേതിൽ എന്നിവരടങ്ങിയ ടീം തിരഞ്ഞെടുക്കപ്പെട്ടു. ശക്തമായ പോരാട്ടം കാഴ്ചവെച്ച ഈ ടീം അവസാന നിമിഷംവരെ ചാമ്പ്യൻമാർക്കെതിരെ കടുത്തവെല്ലുവിളി ഉയർത്തി.

രണ്ടാം റണ്ണറപ്പായി ഹൂസ്റ്റൺ ടീമിലെ ജോസഫ് മുലയാനിക്കുന്നേൽ (ക്യാപ്റ്റൻ), ബേബി ചെറുകര, എബ്രഹാം കളപ്പുരയ്ക്കൽ എന്നിവരടങ്ങിയ ടീം സ്ഥാനം നേടി.

മൂന്നാം റണ്ണറപ്പായി അരിസോണ ടീമിന്റെ ഡോ. സതീഷ് അമ്പാടി (ക്യാപ്റ്റൻ), മഹേഷ് നായർ, രവിശങ്കർ മേനോൻ എന്നിവരടങ്ങിയ ടീം മികച്ച പ്രകടനത്തോടെ മത്സരങ്ങൾ പൂർത്തിയാക്കി.

ഒന്നാം സമ്മാനമായി 1,500 ഡോളർ, രണ്ടാം സമ്മാനമായി 750 ഡോളർ, മൂന്നാം സമ്മാനമായി 400 ഡോളർ വീതം ക്യാഷ് അവാർഡും അനുബന്ധ ട്രോഫിയും സമ്മാനിച്ചു.

ചാമ്പ്യൻമാർ ഉൾപ്പെടെ എല്ലാ വിജയികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിച്ച സംഘാടകർ, മത്സരത്തിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും നന്ദി രേഖപ്പെടുത്തി. ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ ടൂർണമെന്റ് കമ്മിറ്റി അംഗങ്ങളായ സാബു സ്കറിയ, തോമസ് ഒളിയാംകുന്നേൽ, ജോൺസൺ മാത്യു, ബിഞ്ചു ജോൺ എന്നിവർക്ക് ഫോമാ എക്സിക്യൂട്ടീവ് പ്രത്യേകം നന്ദി അറിയിച്ചു.

മികച്ച സംഘാടനവും കായികമികവും പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായ ഫോമാ 2026 ഹൂസ്റ്റൺ കൺവെൻഷനിലെ 56 ടൂർണമെന്റ് പങ്കെടുത്ത എല്ലാവർക്കും അവിസ്മരണീയമായ അനുഭവമായി മാറി.

# എച്ച്1ബി, എൽ1 വിസ പുതുക്കലുകൾക്ക് പുതിയ ഫീസ് ഏർപ്പെടുത്തി യു.എസ് തിരിച്ചടി നേരിടുന്നത് ഇന്ത്യൻ പ്രൊഫഷണലുകൾക്ക്

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡിസി: എച്ച്1ബി, എൽ1 വിസകളുടെ കാലാവധി നീട്ടിനൽകുന്നതിനും പുതിയ ഫീസ് ഈടാക്കാൻ അമേരിക്കൻ ഭരണകൂടം തയ്യാറെടുക്കുന്നു. പുതിയ വിസകൾക്ക് പുറമെ വിസ പുതുക്കുന്ന ഘട്ടത്തിലും 911 റെസ്പോൺസ് ആ ൻഡ് ബയോമെട്രിക് എൻട്രിഎക്സിറ്റ് ഫീസ് ബാധകമാക്കുന്നതാണ് പുതിയ നിയമം.

ഈ മാറ്റം ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഇന്ത്യൻ പ്രൊഫഷണലുകളെയാണ്. 2025 ലെ കണക്കുകൾ പ്രകാരം എച്ച്1ബി വിസ പുതുക്കിയവരിൽ 77.6 ശതമാനവും ഇന്ത്യക്കാരാണ്. അതിനാൽ ആമസോൺ, ടി.സി.എസ്, മൈക്രോസോഫ്റ്റ്, ഗൂഗിൾ തുടങ്ങിയ പ്രമുഖ ഐ.ടി, ടെക്നോളജി കമ്പനികൾക്ക് വിദേശ ജീവനക്കാരെ നിലനിർത്താൻ വൻ തുക അധികമായി ചെലവഴിക്കേണ്ടി വരും. ജീവനക്കാരിൽ പകുതിയിലധികവും എച്ച്1ബി/എ ൽ1 വിസയിലുള്ള, യു.എസിൽ 50ൽ അധികം ജീവനക്കാരുള്ള കമ്പനികളെയാണ് ഈ നിയമം പ്രധാനമായും ലക്ഷ്യമിടുന്നത്.

# മാപ്പ് ഇൻഡിപെൻഡൻസ് ഡേ സെലിബ്രേഷനും ഓണാഘോഷവും 15ന്

വർണ്ണാഭവുമായി ഓഗസ്റ്റ് പതിനഞ്ചാം തീയതി ശനിയാഴ്ച മൂന്നുമണിക്ക് സീറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ നടത്തുവാനുള്ള വമ്പിച്ച ഒരുക്കങ്ങൾ പൂർത്തിയായി.

മലയാളി സമൂഹത്തിന്റെ വലിയ പങ്കാളിത്തത്തോടെ നടക്കുന്ന ഈ ആഘോഷങ്ങളിലേക്ക്, സംസ്കാരത്തിന്റെയും, പാരമ്പര്യത്തെയും മറക്കാനാവാത്ത ഒരു സായാഹ്നത്തിനായി തയ്യാറെടുക്കൂ മാപ്പിനൊപ്പം.

ഈ ആഘോഷങ്ങൾക്ക് പ്രൗഢിയും മാറ്റും പകരാൻ വിശിഷ്ടാതിഥികളായി പങ്കെടുക്കുന്നത് ഇന്ത്യൻ രാഷ്ട്രീയ പ്രവർത്തകനും സംരംഭകനും സാമൂഹിക പ്രവർത്തകനും കേരള സർക്കാരിന്റെ കാബിനറ്റ് പദവിയോടുകൂടിയ ചീഫ് വിപ്പായി സേവനമനുഷ്ഠിച്ചുവരുന്ന അപ്പു ജോൺ ജോസഫ് എം.എൽ.എയും, മലയാള കോമഡി സിനിമകൾ നിർമ്മിക്കുന്നതിൽ പ്രശസ്തനായ ചലച്ചിത്ര സംവിധായകനും നടനുമായ ജോണി ആൻറണിയുമാണ്.

ഓണപ്പൂക്കളം, തിരുവാതിര, കേരളത്തിന്റെ തനതായ നാടൻ കലകൾ, വൈവിധ്യമാർന്ന കലാപരിപാടികൾ എന്നിവ ആസ്വദിക്കുന്നതിനും വിഭവസമൃദ്ധമായ പരമ്പരാഗത സദ്യയിൽ പങ്കുചേരുന്നതിനും മാപ്പിന്റെ പ്രസിഡൻറ് കൊച്ചുമോൻ വയലത്തും ഭരണസമിതിയും നിങ്ങളെ കുടുംബസമേതം ഹൃദയം നിറഞ്ഞ് സ്വാഗതം ചെയ്യുന്നു. സിംഗിൾ ടിക്കറ്റ് 30 ഡോളർ, ഫാമിലി ടിക്കറ്റ് രണ്ട് അഡൾട്ട്, രണ്ട് കിഡ്സ് 60 ഡോളർ എന്ന നിരക്കിൽ ടിക്കറ്റുകൾ ലഭിക്കും.

# ഡാലസ് മാർത്തോമ്മാ ഇടവകയിൽ സുവർണ്ണ ജൂബിലി ആഘോഷവും പുതിയ ദേവാലയത്തിന്റെ തറക്കല്ലിടീലും നടന്നു




**– പി.പി. ചെറിയാൻ**

ഡാലസ്: മാർത്തോമ്മാ ചർച്ച് ഓഫ് ഡാലസ് കാരൾട്ടൺ ഇടവകയുടെ 50–ാമത് വാർഷിക സുവർണ്ണ ജൂബിലി ആഘോഷങ്ങളും പുതിയ ദേവാലയത്തിന്റെയും മൾട്ടി പർപ്പസ് ഹാളിന്റെയും തറക്കല്ലിടീൽ ശുശ്രൂഷയും ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടന്നു.

2026 ഓഗസ്റ്റ് 2 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച വിശുദ്ധ ചടങ്ങുകൾക്ക് മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ ഡോ. തിയൊഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിച്ചു.

ഇടവകയുടെ 50 വർഷത്തെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായ ഈ ചടങ്ങിൽ സഭയിലെ പ്രമുഖ പട്ടക്കാരും ഫാർമേഴ്സ് ബ്രാഞ്ച് എപ്പിസ്കോപ്പൽ ചർച്ച് വികാരി റവ. റോയ് തോമസ്, റവ.ജെസ്വിൻ, റവ. അരുൺ വർഗീസ്, റവ. ജസ്റ്റിൻ, റവ. റജിൻ രാജു, ഭദ്രാസന കൗൺസിൽ അംഗം തോമസ് ഈശോ, മണ്ഡലം മെമ്പർ ഷാജി രാമപുരം, പ്രാദേശിക രാഷ്ട്രീയസാമൂഹിക നേതാക്കളും ഉൾപ്പെടെ വൻ ജനപങ്കാളിത്തമാണ് ദൃശ്യമായത്.

സഭാ ഗായകസംഘം ആലപിച്ച ദൈവസ്തുതികളോടെയും വർണ്ണാഭമായ പ്രഘോഷണഘോഷയാത്രയോടെയും ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് നടന്ന ആരാധനയ്ക്ക് ഡോ.തിയൊഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത നേതൃത്വം നൽകുകയും വികാരി റവ. ജസ്റ്റിൻ പാപ്പച്ചൻ ജേക്കബ് ഏവരെയും ചടങ്ങിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

ഇടവക സെക്രട്ടറി ജൂബി അലക്സാണ്ടർ കാരൾട്ടൺ മാർത്തോമ്മാ ഇടവകയുടെ കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ വളർച്ചയും ചരിത്രവും വ്യക്തമാക്കുന്ന റിപ്പോർട്ട് സമർപ്പിച്ചു. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സഭാ ഗായകസംഘം പ്രത്യേക വാർഷിക ഗാനം ആലപിക്കുകയും, തുടർന്ന് സുവർണ്ണ ജൂബിലി ഓർമ്മക്കായി രൂപകൽപ്പന ചെയ്ത പ്രത്യേക ടി ഷർട്ടിന്റെ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.

സെഹിയോൻ മാർത്തോമ്മാ ചർച്ച് വികാരി റവ. റോബിൻ വർഗീസ്, ഡാലസ് കെ.ഇ.സി.എഫ്. പ്രസിഡന്റ് റവ.രാജു ഡാനിയേൽ കോർ എപ്പിസ്കോപ്പ, മാർത്തോമ്മാ ചർച്ച് ഓഫ് ഡാലസ് (ഫാർമേഴ്സ് ബ്രാഞ്ച്) വികാരി റവ. അബ്രഹാം വി. സാംസൺ, സണ്ണിവെയിൽ മേയർ സജി ജോർജ്, കാരൾട്ടൺ മേയർ സ്റ്റീവ് ബബിക്ക് എന്നിവർ സുവർണ്ണ ജൂബിലി ആശംസകൾ നേർന്നു പ്രസംഗിച്ചു.

പുതിയ ദേവാലയ മന്ദിരത്തിന്റെയും അനുബന്ധ മൾട്ടി പർപ്പസ് ഹാളിന്റെയും തറക്കല്ലുകൾ ഡോ. തിയൊഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ആശീർവദിച്ച് പ്രാർത്ഥിച്ചു. തുടർന്ന് നടത്തിയ പ്രഭാഷണത്തിൽ, സഭയുടെ ദീർഘകാലത്തെ വിശ്വാസ കൂട്ടായ്മയെയും മുന്നോട്ടുള്ള കാൽവെപ്പുകളെയും തിരുമേനി അഭിനന്ദിച്ചു.

ഇടവക വൈസ് പ്രസിഡന്റ് വർക്കി എം.ജേക്കബ് വികാരി റവ.ജസ്റ്റിൻ പാപ്പച്ചൻ ജേക്കബ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ഇടവക വൈസ് പ്രസിഡന്റ് വർക്കി എം. ജേക്കബ് സമാപന പ്രാർത്ഥനയ്ക്കും മെത്രാപ്പോലീത്തായുടെ ആശീർവാദത്തിനും കൈമുത്തിനും ശേഷം ആഘോഷ പരിപാടികൾ മംഗളകരമായി സമാപിച്ചു.

# കേരള അസോസിയേഷൻ ഓഫ് ഡാളസ് ടി 20 ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു



ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസ് ടി 20 ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു. ആവേശകരവും സൗഹൃദപരവുമായ ഈ ടൂർണമെന്റിൽ ഡാളസ് ഫോർട്ട്വർത്തു മേഖലയിലെ യുവാക്കളുടെയും ക്രിക്കറ്റ് പ്രേമികളുടെയും നല്ല പ്രോത്സാഹനമുണ്ടായിരുന്നു. ഡാളസ് ഫോർട്ട് വർത്തു മേഖലയിലെ ക്രിക്കറ്റ് ക്ലബ്ബുകളെല്ലാം തന്നെ ഈ ടൂർണമെന്റിൽ പങ്കാളികളായി. കെ എ ഡി, ടി 20 ടൂർണമെന്റ് 2026 ൽ സിക്സെർസ് ക്ലബ് ജേതാക്കളായി. മുൻ ജേതാക്കളായിരുന്ന സ്പാർക്സ് ക്ലബ്ബിനെ തോൽപ്പിച്ചാണ് സിക്സെർസ് കെഎഡി, ടി 20 ടൂർണമെന്റ് 2026 ട്രോഫി നേടിയത്. അസോസിയേഷൻ സ്പോർട്സ് ഡയറക്ടർ വിനോദ് ജോർജും, അരുൺ ഭാസ്കരനും ഏകോപിപ്പിച്ചു

▶14

# ഫോർട്ട് ബെൻഡ് ലീഡർഷിപ്പ് പ്രോഗ്രാമിലേക്ക് ഹൂസ്റ്റൺ മലയാളി തെരഞ്ഞെടുക്കപ്പെട്ടു

– ശങ്കരൻകുട്ടി, ഹൂസ്റ്റൺ



ഹൂസ്റ്റൺ: ഹൂസ്റ്റൺ നിവാസിയും കമ്മ്യൂണിറ്റി നേതാവും ഹ്യൂസ്റ്റൺ മെട്രോയിലെ ജീവനക്കാരനുമായ ഷിജോ ചാണ്ടപ്പിള്ള, സെൻട്രൽ ഫോർട്ട് ബെൻഡ് ചേംബർ ഓഫ് കൊമേഴ്സ് നടത്തുന്ന ലീഡർഷിപ്പ് ഫോർട്ട് ബെൻഡ് ക്ലാസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

ഫോർട്ട് ബെൻഡ് കൗണ്ടിയെക്കുറിച്ചുള്ള അവരുടെ ഗ്രാഹ്യം വർദ്ധിപ്പിക്കുന്നതിനും, നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, സമൂഹത്തെ ശക്തിപ്പെടുത്തുന്ന ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനുമായി ലീഡർഷിപ്പ് ഫോർട്ട് ബെൻഡ്പ്രോഗ്രാം വിവിധ വ്യവസായങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകളെ ഒരുമിച്ച് കൊണ്ടുവരുന്നു.

ഷിജോ നിലവിൽ ഹ്യൂസ്റ്റൺ മെട്രോയിൽ സേവനമനുഷ്ഠിക്കുന്നു, കൂടാതെ പ്രൊഫഷണൽ വളർച്ചയ്ക്കും പൊതുസേവനത്തിനുമുള്ള അദ്ദേഹത്തിന്റെ തുടർച്ചയായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്ന ഹ്യൂസ്റ്റൺ മെട്രോ ലീഡർഷിപ്പ് പ്രോഗ്രാമിന്റെ ബിരുദധാരി കൂടിയാണ് ഷിജോ. പൊതുഗതാഗതത്തിലെ തന്റെ കരിയറിനു പുറമേ, ട്രാൻസിറ്റ് വ്യവസായത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ലീഡർഷിപ്പ്, വർക്ക്ഫോഴ്സ് ഡെവലപ്മെന്റ് സംരംഭമായ ലീഡ് ട്രാൻസിറ്റ് 360 ന്റെയും സ്വകാര്യ ഇക്വിറ്റി നിക്ഷേപ കമ്പനിയായ സ്പെരാൻസ ക്രിപ്റ്റോ ക്യാപിറ്റലിന്റെയും സ്ഥാപകനാണ് അദ്ദേഹം.

ലയൺസ് ക്ലബ് ഇന്റർനാഷണൽ ഉൾപ്പെടെ നിരവധി കമ്മ്യൂണിറ്റി സംഘടനകളിലും അദ്ദേഹം സജീവമായി പങ്കെടുക്കുന്നു, കൂടാതെ ഹ്യൂമൻ ആൻഡ് ഓർഗനൈസേഷണൽ സൈക്കോളജിയിൽ ഡോക്ടർ ഓഫ് സൈക്കോളജി പഠിക്കുന്നു.

# മാർത്തോമാ സഭാ കൗൺസിലിലേക്കു തിരഞ്ഞെടുക്കപ്പെട്ടു

– പി പി ചെറിയാൻ





ന്യൂയോർക്ക്: നോർത്ത് അമേരിക്ക ഭദ്രാസനത്തിൽ നിന്നും സഭാ കൗൺസിലിലേക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ മൂന്ന് മണ്ഡലാംഗങ്ങൾ സഭയുടെ പരമോന്നത സമിതിയായ സഭാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

റവ . ബിജു പി. സൈമൺ (വികാരി, സെന്റ് ജോൺസ് മാർത്തോമാ ഇടവക ന്യൂയോർക്ക്), ഷെലിൻ അന്നാ ജോൺ വർഗീസ് (മണ്ഡലം മെമ്പർ, ഹൂസ്റ്റൺ സെന്റ് തോമസ് മാർത്തോമാ ചർച്ച്), ഈപ്പൻ ഡാനിയൽ (ഫിലാഡൽഫിയ ക്രിസ്തോസ് മാർത്തോമാ ചർച്ച്) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

നോർത്ത് അമേരിക്ക ഭദ്രാസനത്തിൽ നിന്നുള്ള തൊണ്ണൂറോളം മണ്ഡലാംഗങ്ങൾ ഈ തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുത്തു. വളരെ വാശിയേറിയ പോരാട്ടത്തിനൊടുവിൽ ചുരുങ്ങിയ ഭൂരിപക്ഷത്തിലാണ് രണ്ടു സ്ഥാനാർത്ഥികൾ വിജയം കൈവരിച്ചത്.

വിജയിച്ച സ്ഥാനാർത്ഥികളെ ഭദ്രാസന എപ്പിസ്കോപ്പ ഡോ.എബ്രഹാം മാർ പൗലോസ് നേരിട്ട് അഭിനന്ദിച്ചു. തെരഞ്ഞെടുക്കപ്പെട്ടവരുടെ സേവനങ്ങളും പ്രവർത്തനങ്ങളും സഭയുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്ക് മുതൽക്കൂട്ടാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

"Time moves slowly, but passes quickly."

*-Alice Walker, The Color Purple*

"It was the best of times, it was the worst of times, it was the age of wisdom, it was the age of foolishness, it was the epoch of belief, it was the epoch of incredulity, it was the season of Light, it was the season of Darkness, it was the spring of hope, it was the winter of despair."

*-Charles Dickens, A Tale of Two Cities*

"Nothing is all good or all bad ... Life is so much messier than that." -V.E. Schwab, The Invisible Life of Addie LaRue

"There are years that ask questions and years that answer."

*-Zora Neale Hurston,*
*Their Eyes Were Watching God*

# സാംസ്കാരിക പാരമ്പര്യത്തിന് സേവനത്തിന്റെ താളം: സെന്റ് മദർ തെരേസ പഞ്ചാരി ബീറ്റ്സ്



**– ഡോ.ജോർജ് എം.കാക്കനാട്**

ഹൂസ്റ്റൺ: കേരളത്തിന്റെ തനതായ കലാരൂപമായ ചെണ്ടമേളത്തെ പ്രവാസി മനസ്സുകളിൽ സജീവമായി നിലനിർത്തുന്നതിനൊപ്പം, അതിലൂടെ കാരുണ്യത്തിന്റെ സന്ദേശവും പകരുന്ന അപൂർവ സംരംഭമാണ് സെന്റ് മദർ തെരേസ പഞ്ചാരി ബീറ്റ്സ്.

ടോം വർഗീസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ സന്നദ്ധസംഘം, കലയും ജീവകാരുണ്യവും കൈകോർക്കുമ്പോൾ സമൂഹത്തിൽ എത്ര വലിയ മാറ്റങ്ങൾ സൃഷ്ടിക്കാമെന്ന് തെളിയിക്കുകയാണ്.

ഈ കൂട്ടായ്മയിലെ ഓരോ അംഗവും പൂർണമായും സന്നദ്ധപ്രവർത്തകരാണ്. ഔദ്യോഗിക തിരക്കുകളും കുടുംബസമയവും മാറ്റിവെച്ച്, അവധി ദിവസങ്ങളിൽ അവർ പരിശീലനത്തിനായി ഒത്തുചേരുന്നു. കഠിനാധ്വാനവും അർപ്പണബോധവും ആവശ്യമായ ഈ കലാരൂപം അഭ്യസിക്കുന്നതിലൂടെ കേരളത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കാൻ കഴിയുന്നതിന്റെ അഭിമാനത്തിലാണ് ഇവർ.

വിശുദ്ധ മദർ തെരേസയുടെ മാതൃകയിൽ സംഘത്തിന്റെ പേരിൽത്തന്നെ അവരുടെ ദൗത്യത്തിന്റെ ആത്മാവുണ്ട്. വിശുദ്ധ മദർ തെരേസയുടെ സ്നേഹത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും മാതൃകയാണ് ഇവരുടെ പ്രധാന പ്രചോദനം.

ഈ സംഘത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, പരിപാടികളിലൂടെയും സംഭാവനകളിലൂടെയും ലഭിക്കുന്ന തുക മുഴുവൻ റുവാണ്ടയിലെ നിർധനരായ കുട്ടികളുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി വിനിയോഗിക്കുന്നു എന്നതാണ്. വ്യക്തിപരമായ ലാഭമോ പ്രതിഫലമോ ലക്ഷ്യമാക്കാതെ, ലഭിക്കുന്ന ഓരോ ഡോളറും അർഹരായവരുടെ കൈകളിൽ എത്തിക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം. കല, സമൂഹസേവനത്തിനുള്ള ശക്തമായ ഉപാധിയാക്കി മാറ്റാൻ ഇവർക്ക് സാധിക്കുന്നു.

ഇവരുടെ ഓരോ അവതരണവും കേവലം ഒരു കലാപ്രകടനം മാത്രമല്ല; കേരളത്തിന്റെ പൈതൃകം ലോകത്തിന് പരിചയപ്പെടുത്തുന്നതിനൊപ്പം, മനുഷ്യസ്നേഹത്തിന്റെയും പങ്കുവെക്കലിന്റെയും സന്ദേശം പ്രചരിപ്പിക്കുന്ന നിമിഷങ്ങൾ കൂടിയാണ്.

വ്യത്യസ്ത തൊഴിൽമേഖലകളിൽ നിന്നുള്ള ആളുകൾ ഒരൊറ്റ ലക്ഷ്യത്തിനായി ഇവിടെ കൈകോർക്കുന്നു. അനുഭവസമ്പന്നരായ കലാകാരന്മാരുടെ മാർഗനിർദേശത്തിൽ പുതിയ അംഗങ്ങളും പരിശീലനം നേടി വളരുന്നു. ഇതിലൂടെ കേരളത്തിന്റെ സംസ്കാരം അടുത്ത തലമുറയ്ക്ക് പകർന്നുനൽകുന്നതിനൊപ്പം, സാമൂഹിക ഉത്തരവാദിത്തത്തിന്റെ മൂല്യങ്ങളും ഇവർ പങ്കുവെക്കുന്നു.

കലയുടെ യഥാർത്ഥ മഹത്വം അത് മനുഷ്യരെ ഒന്നിപ്പിക്കുകയും സമൂഹത്തിൽ പ്രത്യാശ നൽകുകയും ചെയ്യുമ്പോഴാണെന്ന് സെന്റ് മദർ തെരേസ പഞ്ചാരി ബീറ്റ്സ് ഓർമ്മിപ്പിക്കുന്നു.

അമേരിക്കൻ മണ്ണിൽ ഉയർന്നുകേൾക്കുന്ന ഓരോ ചെണ്ടയുടെ താളവും, റുവാണ്ടയിലെ ഒരു കുഞ്ഞിന്റെ ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചമായി മാറുന്നു. അതാണ് ഈ സംഘടനയുടെ വലിയ വിജയവും അഭിമാനവും.

# ഡാലസിൽ നിന്ന് മടങ്ങുന്ന മാർത്തോമ്മ സഭാധ്യക്ഷൻ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് യാത്രയയപ്പ് നൽകി



**– ഷാജി രാമപുരം**

ഡാലസ്: ഔദ്യോഗിക സന്ദർശനം പൂർത്തീകരിച്ച് ഡാലസിൽ നിന്ന് കാലിഫോർണിയായിലേക്ക് യാത്രയാകുന്ന മാർത്തോമ്മ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് യാത്രയയപ്പ് ഡാലസ് ഡിഎഫ്ഡബ്ല്യൂ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നൽകി.

മാർത്തോമ്മ ചർച്ച് ഓഫ് ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവക വികാരി റവ.എബ്രഹാം വി.സാംസൺ, ഡാലസ് കാരോൾട്ടൺ ഇടവക വികാരി റവ. ജസ്റ്റിൻ പാപ്പച്ചൻ ജേക്കബ്, അൽമായ നേതാക്കളായ പി.ടി മാത്യു, ഷാജി എസ് രാമപുരം, ജോൺ സി മാത്യു, തോമസ് വർഗീസ്, തോമസ് സ്കറിയ, ഡോ.ചിഞ്ചു എസ് കുര്യൻ, സോഫി ആൻ തോമസ്, എബ്രഹാം വർഗീസ്, ഇവാൻ എന്നിവർ എയർപോർട്ടിൽ യാത്രയയക്കുവാൻ എത്തിയിരുന്നു.

ഡാലസ് പ്രദേശത്ത് മലങ്കര മാർത്തോമ്മ സഭയുടെ നീണ്ട അമ്പത് വർഷക്കാലത്തെ വിശ്വാസയാത്ര പൂർത്തീകരിച്ച ▶ 14

## ജറുസലേമിലെ ക്രിസ്ത്യൻ പള്ളിക്കു നേരെ ഇസ്രായേലി കുടിയേറ്റക്കാർ ആക്രമണം നടത്തി




ജറുസലേം: അധിനിവേശ കിഴക്കൻ ജറുസലേമിലെ അർമേനിയൻ ക്രൈസ്തവ ചർച്ചിന് നേരെ ഇസ്രായേലി കുടിയേറ്റക്കാർ ആക്രമണം നടത്തിയതായി പലസ്തീൻ ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

പഴയ നഗരത്തിലെ ചർച്ചിന് നേരെയായിരുന്നു ആക്രമണമെന്നും പള്ളിയുടെ പ്രവേശന കവാടത്തിൽ തുപ്പുകയും കെട്ടിടത്തിന് നേരെ കല്ലെറിയുകയും ചെയ്തുവെന്നും ജറുസലേം ഗവർണറേറ്റ് പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. ആക്രമണത്തിന്റെ ദൃശ്യങ്ങളും ഗവർണറേറ്റ് പുറത്തുവിട്ടിട്ടുണ്ട്. അഞ്ച് പേർ ചർച്ചിന്റെ പ്രവേശന ഭാഗത്ത് തുപ്പുകയും കല്ലെറിയുകയും ചെയ്യുന്നത് ദൃശ്യങ്ങളിൽ കാണാം.

ജറുസലേമിലെ പഴയ നഗരത്തിലുള്ള ക്രിസ്ത്യൻ പള്ളികൾക്ക് നേരെ ജൂതർ തുപ്പുന്ന സംഭവം കഴിഞ്ഞ മാസങ്ങളിലും ഉണ്ടായിരുന്നു.

ഈ വർഷം തുടക്കം മുതൽ ക്രിസ്ത്യാനികൾക്കും അവരുടെ പുണ്യസ്ഥലങ്ങൾക്കുമെതിരെ ഇസ്രായേൽ കുടിയേറ്റക്കാരും സൈനികരും 45 ആക്രമണങ്ങളെങ്കിലും നടത്തിയതായി പലസ്തീൻ ഹയർ പ്രസിഡൻഷ്യൽ കമ്മിറ്റി ഫോർ ചർച്ച് അഫയേഴ്സ് അറിയിച്ചു.

കിഴക്കൻ ജറുസലേമിൽ ഒരു അറബ് ബസ് ഡ്രൈവർക്കെതിരെ ഒരു സംഘം ഇസ്രായേലി കുടിയേറ്റക്കാർ അക്രമാസക്തമായ ആക്രമണം നടത്തിയതായും ഗവർണറേറ്റ് അറിയിച്ചു. ആക്രമണത്തിൽ പരിക്കേറ്റ ഡ്രൈവറെ ചികിത്സക്കായി ആശുപത്രിയിലേക്ക് മാറ്റിയതായും കൂടുതൽ വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ലെന്നും പ്രസ്താവനയിൽ വ്യക്തമാക്കി.

2023 ഒക്ടോബറിൽ ഗസ വംശഹത്യ ആരംഭിച്ച ശേഷം അധിനിവേശ വെസ്റ്റ് ബാങ്കിലുടനീളം പലസ്തീനികൾക്കെതിരെയും അവരുടെ സ്വത്തുക്കൾക്കെതിരെയും ആക്രമണങ്ങൾ വർധിച്ചതായി റിപ്പോർട്ടുകൾ പറയുന്നു.

## ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ പ്രൊഫസർ ഇനി അമേരിക്കൻ മലയാളി നേഥൻ തോമസ്

**- പ്രസാദ് തീയാടിക്കൽ**



ഫ്ലോറിഡ: അമേരിക്കയിലെ ഫ്ലോറിഡ സ്വദേശിയും കേരള വംശജനുമായ നേഥൻ തോമസ് ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ പ്രൊഫസറെന്ന ഗിന്നസ് വേൾഡ് റെക്കോർഡ് സ്വന്തമാക്കി. 18 വയസും 346 ദിവസവും പ്രായമുള്ളപ്പോഴാണ് അദ്ദേഹം മയാമി ഡേഡ് കോളേജിൽ എഞ്ചിനിയറിങ് പ്രോഗ്രാമിംഗ് അധ്യാപകനായി ചുമതലയേറ്റത്. ഇതോടെയാണ് 306 വർഷം പഴക്കമുള്ള റെക്കോർഡ് അദ്ദേഹം മറികടന്നത്.

1717ൽ 19-ാം വയസ്സിൽ പ്രൊഫസറായ സ്കോട്ടിഷ് ഗണിതശാസ്ത്രജ്ഞൻ കോളിൻ മക്ലോറിന്റെ റെക്കോർഡാണ് നേഥൻ തോമസ് തകർത്തത്. ഗിന്നസ് വേൾഡ് റെക്കോർഡിന്റെ സ്ഥിരീകരണപ്രകാരം, ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ പ്രൊഫസറെന്ന ബഹുമതിയാണ് അദ്ദേഹത്തിന് ലഭിച്ചത്.

മിക്ക വിദ്യാർത്ഥികളും കോളേജ് ജീവിതം ആരംഭിക്കുന്ന പ്രായത്തിൽ തന്നെ നേഥൻ തോമസ് ഫ്ലോറിഡ ഇന്റർനാഷണൽ സർവകലാശാലയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനിയറിംഗിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയിരുന്നു. അതിന് മുമ്പ് 14-ാം വയസ്സിൽ മയാമി ഡേഡ് കോളേജിൽ നിന്ന് അസോ സിയേറ്റ് ബിരുദവും കരസ്ഥമാക്കിയിരുന്നു.

നിലവിൽ മയാമി ഡേഡ് കോളേജിൽ ഓൺലൈൻ എഞ്ചിനിയറിങ് കോഴ്സുകൾ പഠിപ്പിക്കുന്നതിനൊപ്പം, യൂണിവേഴ്സിറ്റി ഓഫ് മയാമി ലോ സ്കൂളിൽ നിയമപഠനവും തുടരുകയാണ്. അദ്ദേഹത്തിന്റെ ഈ നേട്ടം ലോകമെമ്പാടുമുള്ള യുവാക്കൾക്ക് പ്രചോദനമാണെന്ന് ഗിന്നസ് വേൾഡ് റെക്കോർഡ്സ് വ്യക്തമാക്കി.

"The longer I live, the more uninformed I feel. Only the young have an explanation for everything."
*-Isabel Allende, City of the Beasts*

## ഫോമാ ഇലക്ഷൻ: ബിജു തോണിക്കടവിലിന്റെ നേതൃത്വത്തിലുള്ള ടീം വോയ്സിന് വൻ വിജയം



ഹൂസ്റ്റൺ: ഫോമ ഇലക്ഷനിൽ ബിജു തോണിക്കടവിൽ നേതൃത്വം നൽകിയ ടീം വോയ്സ് വൻ വിജയം നേടി. പ്രസിഡന്റായി ബിജു തോണിക്കടവിൽ പ്രസിഡന്റ്, പോൾ പി. ജോസ് (സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ) എന്നിവർ വിജയിച്ചു.

മുഖ്യ ഇലക്ഷൻ കമീഷണർ മാത്യു ചെരുവിൽ, കമ്മീഷണർമാരായ ജോർജ് മാത്യു, മാത്യു ജോഷ്വ എന്നിവരായിരുന്നു.

ഡാളസ് മലയാളി അസോസിയേഷനിൽനിന്നുള്ള (ഡിഎംഎ) സാമുവൽ മത്തായി വൈസ് പ്രസിഡന്റായി. ജോയിന്റ് സെക്രട്ടറിയായി ഡോ. മഞ്ജു പിള്ള വിജയിച്ചു. ജോൺസൺ കണ്ണൂക്കാടൻ, ജോയിന്റ് ട്രഷറർ. നാഷണൽ അഡ്വൈസറി കൗൺസിൽ ചെയർ ആയി വിജി ജി എബ്രഹാം വിജയിച്ചു.

## ഐ.പി.സി. എൻ.ആർ.ഐ ഗ്ലോബൽ കോൺഫറൻസ് സമാപിച്ചു; അടുത്ത സമ്മേളനം 2027ൽ യു.കെയിൽ




**- ജോയ് തുമ്പമൺ**

ഫിലഡൽഫിയ: വിശ്വാസ സമൂഹത്തിന്റെ സജീവ പങ്കാളിത്തവും ആത്മീയ ഐക്യവും കൊണ്ട് ശ്രദ്ധേയമായ ഐ.പി.സി. എൻ.ആർ.ഐ. ഗ്ലോബൽ കോൺഫറൻസ് ജൂലൈ 26ന് സംയുക്ത ആരാധനയോടെ അനുഗ്രഹീതമായി സമാപിച്ചു. അടുത്ത ഗ്ലോബൽ കോൺഫറൻസ് 2027ൽ യു.കെ.യിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. റവ. സി.ടി. ഏബ്രഹാമും റവ.ബാബു സക്കറിയയും സമ്മേളനത്തിന് നേതൃത്വം നൽകും.

പ്രഥമ ഗ്ലോബൽ കോൺഫറൻസിന് കൺവീനർ ഡോ.ജോർജ് മാത്യു, സെക്രട്ടറി ഡോ. തോമസ് കിടങ്ങാലിൽ, യൂത്ത് കോർഡിനേറ്റർ അലക്സ് ചാണ്ടി, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ഷേർളി ചാക്കോ എന്നിവരോടൊപ്പം പാസ്റ്റർ വറുഗീസ് ജോണിന്റെ നേതൃത്വത്തിലുള്ള ലോക്കൽ കമ്മിറ്റിയും നേതൃത്വം നൽകി.

ഐ.പി.സി ജനറൽ പ്രസിഡന്റ് റവ.ഡോ. വൽസൻ ഏബ്രഹാം ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ റവ.ഡോ.ബേബി വറുഗീസ്, റവ.ക്രിസ് ജാക്സൺ, റവ.നൂറുദ്ദീൻ മുല്ല, റവ.സ്റ്റീവ് ജോൺ, സിസ്റ്റർ അക്സാ പീറ്റേഴ്സൺ എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തി.

മൂന്നു ദിവസങ്ങളിലായി നടന്ന കോൺഫറൻസിൽ പൊതുയോഗങ്ങൾക്കൊപ്പം ബൈബിൾ സ്റ്റഡി, റിവൈവൽ മീറ്റിംഗുകൾ, യുവജനങ്ങൾക്കും സഹോദരിമാർക്കുമായുള്ള പ്രത്യേക സമ്മേളനങ്ങൾ എന്നിവയും നടന്നു. ശനിയാഴ്ച രാവിലെ നടന്ന ഗ്ലോബൽ ഇവാഞ്ചലിസം സെമിനാറിൽ ബ്രദർ ബിമൽ ജോൺ (പീഡനങ്ങൾ), ബ്രദർ ജോയ് തുമ്പമൺ (ജേർണലിസം), റവ. ക്രിസ് ജാക്സൺ (ഇവാഞ്ചലിസം) എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു.

റവ.മാർക്ക് ത്രിഭുവൻ, സിസ്റ്റർ രമ്യ സാറ ജേക്കബ്, സിസ്റ്റർ ആൻസി ഫിന്നി, സിസ്റ്റർ ലൂവിസ് പോൾ തുടങ്ങിയവർ സംഗീതശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

സമാപനദിവസം നടന്ന വിശുദ്ധ സഭായോഗത്തിന് റവ. മോനിസ് ജോർജ് നേതൃത്വം നൽകി. റവ. ജോൺ സാമുവേൽ, ഡോ.സണ്ണി ഫിലിപ്പ്, ഡോ. ബേബി വറുഗീസ്, റവ. ക്രിസ് ജാക്സൺ എന്നിവർ വചനശുശ്രൂഷ നിർവഹിച്ചു. പാ. ജോയി വറുഗീസ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

തിരുവത്താഴ ശുശ്രൂഷയ്ക്ക് ഗ്ലോബൽ കൺവീനർ റവ.ഡോ. ജോർജ് മാത്യു നേതൃത്വം നൽകി. ഫിലഡൽഫിയയിലെ ഐ.പി.സി. ശുശ്രൂഷകരുടെയും സഭകളുടെയും സജീവ സഹകരണവും പങ്കാളിത്തവും സമ്മേളനത്തിന്റെ വിജയത്തിന് ശക്തിപകർന്നു.

കോൺഫറൻസിനുശേഷം ബ്രദർ ഏബ്രഹാം ബേബിയുടെയും ഡോ.തോമസ് കിടങ്ങാലിയുടേയും നേതൃത്വത്തിൽ സംഘടിപ്പിച്ച ലങ്കാസ്റ്റർ ആമിഷ് വില്ലേജ് സന്ദർശനവും കാഴ്ചകളും പങ്കെടുത്തവർക്ക് അവിസ്മരണീയ അനുഭവമായി.

## ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ വി.വി. രാജേഷിനും പി.ശ്രീകുമാറിനും സ്വീകരണം

**- ശങ്കരൻകുട്ടി, ഹൂസ്റ്റൻ**

ഹൂസ്റ്റൺ: 2026 തിരുവനന്തപുരം മേയർ വി.വി. രാജേഷും കേരള ഗവർണറുടെ സെക്രട്ടറിയും ജന്മഭൂമി ദിനപത്രത്തിന്റെ ചീഫ് എഡിറ്ററുമായ പി. ശ്രീകുമാറും ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം സന്ദർശിച്ചു.

ക്ഷേത്രം പ്രസിഡന്റ് ഡോ.രാംദാസിന്റെ നേതൃത്വത്തിൽ ക്ഷേത്രഭാരവാഹികളും നൂറുകണക്കിന് ഭക്തജനങ്ങളും ചേർന്ന് ഇരുവർക്കും ഹൃദ്യവും ഊഷ്മളവുമായ സ്വീകരണം നൽകി. ഹരി ശിവരാമൻ മുഖ്യ അതിഥികളെ സദസ്സിനു പരിചയപ്പെടുത്തി. പുഷ്പഹാരവും പൊന്നാടയും അണിയിച്ചാണ് വിശിഷ്ടാതിഥികളെ ആദരിച്ചത്.

സന്ദർശനവേളയിൽ ക്ഷേത്രത്തിന്റെ ആത്മീയസാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ച് ക്ഷേത്രഭാരവാഹികൾ വിശദീകരിച്ചു. പ്രവാസി മലയാളികൾ കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും വിദേശത്ത് സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളെ അതിഥികൾ അഭിനന്ദിച്ചു.

ക്ഷേത്രദർശനത്തിനും സ്വീകരണച്ചടങ്ങിനും ശേഷം ക്ഷേത്രഭാരവാഹികളുമായും ഭക്തജനങ്ങളുമായും ഇരുവരും സൗഹൃദസംഭാഷണം നടത്തുകയും ക്ഷേത്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## സ്പെയിനിലെ കുടിയേറ്റ പ്രതിസന്ധി: മാനുഷിക പരിഗണന വേണമെന്ന് കത്തോലിക്കാ സഭ

വത്തിക്കാൻ: ആഫ്രിക്കൻ തീരത്തോട് ചേർന്നുള്ള സ്പെയിൻ നഗരമായ സെയൂത്തയിലേക്ക് വൻതോതിൽ കുടിയേറ്റക്കാർ എത്തുന്ന പശ്ചാത്തലത്തിൽ, ഇതിനെ കേവലം ഒരു കുടിയേറ്റ പ്രശ്നമായി കാണാതെ ഗുരുതരമായ മാനുഷിക പ്രതിസന്ധിയായി പരിഗണിക്കണമെന്ന് സ്പെയിനിലെ കത്തോലിക്കാ സഭ ആവശ്യപ്പെട്ടു. സ്പാനിഷ് മെത്രാൻ സമിതിയിലെ കുടിയേറ്റവിഭാഗത്തിനായുള്ള ഡയറക്ടർ ഫാദർ ഫെർണാന്തോ റെദോന്തോ പാവോൺ ആണ് ഈ ആഹ്വാനം നടത്തിയത്.

നിയമങ്ങൾ പാലിച്ചുകൊണ്ടും മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ടും വേണം ഈ പ്രതിസന്ധിയെ നേരിടാനെന്ന് വത്തിക്കാൻ ന്യൂസിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കി. നഗരത്തിൽ നിലവിൽ അസാധാരണമായ സാഹചര്യമാണ് നിലനിൽക്കുന്നതെന്നും, നിയന്ത്രണാതീതമായ രീതിയിലാണ് ആളുകൾ അതിർത്തി കടന്നെത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. സ്പെയിനിലേക്ക് കടക്കാനുള്ള ശ്രമത്തിനിടെ നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും ഒട്ടേറെപ്പേരെ കാണാതാവുകയും ചെയ്തതിൽ അദ്ദേഹം ദുഃഖം രേഖപ്പെടുത്തുകയും ചെയ്തു.

പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ കാദിസ്സെയൂത്ത രൂപത തങ്ങളുടെ പുനരധിവാസ കേന്ദ്രങ്ങൾ കുടിയേറ്റക്കാർക്കായി തുറന്നു കൊടുത്തു. രോഗികളും പരിക്കേറ്റവരുമായ ആളുകൾക്ക് ഇവിടെ പ്രത്യേക ചികിത്സയും പരിചരണവും നൽകിവരുന്നു. ഇതിനുപുറമെ, നഗരത്തിലെ ഇടവകകളിൽ ഈ വാരത്തിലെ വിശുദ്ധ കുർബാനകളിൽ ലഭിക്കുന്ന സ്തോത്രകാഴ്ചകൾ പൂർണ്ണമായും കുടിയേറ്റക്കാരുടെ ക്ഷേമത്തിനായി വിനിയോഗിക്കുമെന്നും രൂപത അറിയിച്ചു.

കുടിയേറ്റ പ്രതിസന്ധിയെ രാഷ്ട്രീയ മുതലെടുപ്പിനായോ വിഭാഗീയത സൃഷ്ടിക്കാനോ ഉപയോഗിക്കരുതെന്ന് ഫാദർ റെദൊന്തോ രാഷ്ട്രീയ പാർട്ടികളോട് ആവശ്യപ്പെട്ടു. സ്പെയിൻ സർക്കാർ നേരത്തെ നടപ്പിലാക്കിയ കുടിയേറ്റക്കാരുടെ നിയമവിധേയമാക്കൽ പ്രക്രിയയാണ് ഈ പുതിയ ഒഴുക്കിന് കാരണമെന്ന വാദങ്ങളെ അദ്ദേഹം നിരാകരിച്ചു. ഇത്തരം ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും, സമാനമായ കുടിയേറ്റ പ്രവാഹം 2021ലും ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

സമൂഹത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നും, ഏത് പ്രതികരണവും മനുഷ്യന്റെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കുന്നതിലൂന്നിയാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് യാത്രയയപ്പ്

ഇടവകകളുടെ ഗോൾഡൻ ജൂബിലി ആഘോഷ ചടങ്ങുകളിൽ പങ്കെടുക്കുവാനാണ് സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഡാലസിൽ സന്ദർശനം നടത്തിയത്.

1973ൽ സെന്റ് ലൂക്ക്സ് മെത്തഡിസ്റ്റ് ചർച്ചിൽ ഏതാനും മാർത്തോമാ കുടുംബങ്ങൾ ഒരുമിച്ചുകൂടി ആരാധന ആരംഭിച്ചതോടെയാണ് ഡാലസിൽ മാർത്തോമ്മാ സഭയുടെ ചരിത്രത്തിന് തുടക്കമായത്. വിശ്വാസികളുടെ എണ്ണം വർധിച്ചതിനെ തുടർന്ന് 1976ൽ മലങ്കര മാർത്തോമ്മാ സഭയുടെ എപ്പിസ്കോപ്പൽ സിനഡ് ഈ കൂട്ടായ്മയെ ഔദ്യോഗിക ഇടവകയായി അംഗീകരിച്ചു.

ഇന്ന് മാർത്തോമ്മ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനത്തിന്റെ കീഴിൽ അഞ്ച് സജീവ ഇടവകകളിലൂടെ ആയിരക്കണക്കിന് വിശ്വാസികളുടെ ആത്മീയ ജീവിതത്തിന് നേതൃത്വം നൽകുന്ന ശക്തമായ സഭാസമൂഹമായി മാർത്തോമ്മ സഭ ഡാലസിൽ വളർന്നിരിക്കുന്നു.

ഗോൾഡൻ ജൂബിലി സമാപനചടങ്ങിന് മുഖ്യാതിഥിയായി പങ്കെടുക്കുവാൻ ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ഇടവകയുടെ ക്ഷണപ്രകാരമാണ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഡാളസിൽ എത്തിച്ചേർന്നത്. ഇടവകയിൽ വെച്ച് ജൂലൈ 31 വെള്ളിയാഴ്ച വൈകിട്ട് 6 മണി മുതൽ യംഗ് ഫാമിലിയുടെയും, യൂത്ത് ഫെല്ലോഷിപ്പിന്റെയും നേതൃത്വത്തിൽ നടന്ന റിവൈവൽ മീറ്റിംഗിലും, ആഗസ്റ്റ് 1 ശനിയാഴ്ച നടന്ന പൊതു സമ്മേളനത്തിലും, ആഗസ്റ്റ് 2 ഞായറാഴ്ച നടന്ന വിശുദ്ധ കുർബാന ശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

ആഗസ്റ്റ് 2 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ്, കരോൾട്ടൺ ഇടവകയുടെ ജൂബിലിയുടെ ഭാഗമായി പുതുതായി നിർമ്മിക്കപ്പെടുന്ന ദൈവാലയത്തിന്റെയും, ഓഡിറ്റോറിയത്തിന്റെയും ശിലാഫലകം വാഴ്ത്തി അനുഗ്രഹിക്കുകയും ചെയ്യുന്ന ചടങ്ങിനും നേതൃത്വം നൽകിയ ശേഷമാണ് സാൻഫ്രാൻസിസ്കോയിലും, ലോസ് ആഞ്ചലസിലും നടക്കുന്ന വിവിധ ചടങ്ങുകളിൽ പങ്കെടുക്കുവാനായി മെത്രാപ്പോലീത്ത മടങ്ങിപ്പോകുന്നത്.

"The greatest glory in living lies not in never falling, but in rising every time we fall."
— *Nelson Mandela*

"The only way to do great work is to love what you do."
— Steve Jobs

## ടൈംസ് സ്ക്വയറിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് പിന്തുണയുമായി ഐ.ഒ.സി യു.എസ് റാലി




**- പി പി ചെറിയാൻ**

ന്യൂയോർക്ക്: ഇന്ത്യയിലെ വിദ്യാർത്ഥികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഐ.ഒ.സി യു.എസ് ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിൽ പൊതു പ്രകടനവും റാലിയും നടത്തി. വിദ്യാഭ്യാസ രംഗത്തെ സുതാര്യത, ഭരണഘടനാപരമായ ഭരണം, ജനാധിപത്യ ഉത്തരവാദിത്തം, എല്ലാവർക്കും തുല്യ അവസരം എന്നിവ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

ഇന്ത്യൻ അമേരിക്കൻ ദേശീയ പതാകകളും ജനാധിപത്യം സംരക്ഷിക്കുക, വിദ്യാർത്ഥികൾക്ക് നീതി നൽകുകതുടങ്ങിയ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളും ഏന്തിയാണ് അമേരിക്കയിലുടനീളമുള്ള പ്രവർത്തകർ ടൈംസ് സ്ക്വയറിൽ ഒത്തുചേർന്നത്.

വിദ്യാർത്ഥികളുടെ ഈ പോരാട്ടം ഇന്ത്യൻ രാഷ്ട്രീയത്തിലെ നിർണായകമായ നിമിഷമാണെന്നും, വ്യക്തി കേന്ദ്രീകൃത രാഷ്ട്രീയത്തിൽ നിന്ന് തത്വങ്ങളിലേക്കും ഉത്തരവാദിത്തങ്ങളിലേക്കും ദേശീയ ചർച്ചകളെ മാറ്റാൻ ഇതിന് സാധിച്ചെന്നും ഐ.ഒ.സി യു.എസ്.എ വൈസ് ചെയർമാൻ ജോർജ് എബ്രഹാം വ്യക്തമാക്കി. യുവാക്കളുടെ സമാധാനപരമായ പ്രതിഷേധങ്ങളെ ഭരണകൂടങ്ങൾ അടിച്ചമർത്താതെ ജനാധിപത്യപരമായ ചർച്ചകളിലൂടെ നേരിടണമെന്ന് ഐ.ഒ.സി യു.എസ് നാഷണൽ പ്രസിഡന്റ് മൊഹീന്ദർ സിംഗ് ഗിൽസിയാനും അഭിപ്രായപ്പെട്ടു.

## ഐഒസി ഹൂസ്റ്റൺ ചാപ്റ്റർ വി.ടി.ബൽറാം എംഎൽഎയ്ക്ക് സ്വീകരണം നൽകി



**- സജി പുല്ലാട്**

ഹൂസ്റ്റൺ: ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് (ഐഒസി) ഹൂസ്റ്റൺ ചാപ്റ്ററിന്റെ നേതൃത്വത്തിൽ തൃത്താല എംഎൽഎ വി.ടി.ബൽറാമിന് സ്വീകരണം നൽകി.

പ്രസിഡൻറ് ജസ്റ്റിൻ ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഐഒസി നാഷണൽ വൈസ് പ്രസിഡണ്ട് തോമസ് ഓലിയാകുന്നേൽ സ്വാഗതമാശംസിച്ചു.

നിലപാടുകളിൽ ഉറച്ചു നിൽക്കുന്ന കോൺഗ്രസിനും ഐക്യ ജനാധിപത്യ മുന്നണിക്കും എല്ലാവിധ പിന്തുണയും അറിയിക്കുന്നതായി പ്രസിഡണ്ട് ജസ്റ്റിൻ ജേക്കബ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ അറിയിച്ചു.

വി.ടി.ബൽറാം എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ജനാധിപത്യത്തിന്റെ സമകാലിക വിഷയങ്ങൾ, പ്രവാസി ഇന്ത്യൻ സമൂഹത്തിന്റെ പങ്കാളിത്തം, കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ എന്നീ വിഷയങ്ങളെപ്പറ്റി എംഎൽഎ സംസാരിച്ചു. കൂടാതെ തനിക്ക് ലഭിച്ച സ്നേഹോഷ്മളമായ സ്വീകരണത്തിന് ഐഒസി ഹൂസ്റ്റൺ ചാപ്റ്ററിനെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

വൈസ് പ്രസിഡണ്ട് ബിജു ഇട്ടൻ, ജോയിന്റ് സെക്രട്ടറി രാജേഷ് വർഗീസ്, സീനിയർ മാധ്യമ പ്രവർത്തകൻ എ.സി.ജോർജ്, വനിതാ വിഭാഗം സെക്രട്ടറി മെർലിൻ സാജൻ എന്നിവർ ആശംസകൾ നേർ ന്നു.

അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ഫോമയുടെ ഇൻററനാഷണൽ ഫാമിലി കൺവെൻഷനിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു എംഎൽഎ. പ്രവർത്തകരായ സാജൻ ജോൺ, ഷിജുമോൻ, മിഖായേൽ, കോശി എന്നിവർ സംബന്ധിച്ചു. ഐഒസി ഹൂസ്റ്റൺ ചാപ്റ്റർ ട്രഷറർ ജോയി എൻ സാമുവേൽ നന്ദി പറഞ്ഞു.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് ടി 20 ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു

മറ്റു ടീം ക്യാപ്റ്റൻമാരെയും മാനേജർമാരെയും ഒന്നിച്ചണി നിരത്തി ടൂർണമെന്റ് മികവുറ്റതാക്കി. സത്യ പ്രകാശ്, ശ്രീനി നാവുലരി, പന വാഗല എന്നിവർ അമ്പയർമാരായി പ്രവർത്തിച്ചു. വിജയികൾക്ക് കേരള അസോസിയേഷൻ ഓഫ് ഡാളസ് 2500 ക്യാഷ് ഡോളറും സ്പെക്റ്ററം ഫിനാൻസിന്റ ട്രോഫിയും കൂടാതെ ജോസഫ് ചാണ്ടി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ എവർറോളിങ് ട്രോഫിയും, രണ്ടാം സ്ഥാനക്കാർക്ക് 1000 ഡോളറും അപേക്സ് ഫിനാൻസിന്റ ട്രോഫിയും മുഖ്യതിഥിയായി വന്നെത്തിയഫിഫ കോഓർഡിനേറ്റർ വർഗീസ് എടാട്ടുക്കാരന്റെ സാന്നിധ്യത്തിൽ പ്രസിഡന്റ് ഷിജു എബ്രഹാം നൽകുകയുണ്ടായി. സെക്രട്ടറി മഞ്ജിത്ത് കൈനിക്കര നന്ദി പറഞ്ഞു.

ട്രഷറർ സിജു കൈനിക്കര, കമ്മിറ്റി അംഗങ്ങളായ ദീപക് നായർ, ഷിബു ജോൺ, ഐസിഇസി കമ്മിറ്റി അംഗങ്ങളായ നൈനാൻ മാത്യു, അനശ്വർ മാമ്പിള്ളി, നെബു കുര്യാക്കോസ്, സിജു വി.ജോർജ് തുടങ്ങിയവർ പങ്കെടുത്തു.